# OASIS

NEWS BULLETIN മരുപ്പച്ച

Older Adults Sharing In Service

STATE BANK OF INDIA PENSIONERS' ASSOCIATION (KERALA) KOTTAYAM DISTRICT CENTRE

Vol. IV Book. 09 Regd. No. /450/2001 1198 ചിങ്ങം-കന്നി സെപ്റ്റംബർ Date: 30.09.2022


"വീടു വരെ ഉറവ്
വീഥി വരെ മനൈവി
കാടു വരെ പിള്ളൈ
കടൈശി വരൈ യാരോ........"



കണ്ണദാസൻ

## പത്രാധിപക്കുറിപ്പ്

# തൃപ്പൂണിത്തുറ അത്തച്ചമയം

എറണാകുളം ജില്ലയിലെ തൃപ്പൂണിത്തുറയിൽ ഓണത്തോടനുബന്ധിച്ച് ചിങ്ങമാസത്തിലെ അത്തം നാളിൽ നടത്തുന്ന ഒരു ആഘോഷമാണ് അത്തച്ചമയം. മലയാളത്തിലെ ചിങ്ങമാസത്തിൽ കൊച്ചി രാജാവു നടത്തുന്ന വിജയാഘോഷയാത്രയാണ് തൃപ്പൂണിത്തുറ അത്തച്ചമയ ഘോഷയായാത്രയായി ആഘോഷിക്കുന്നത്. അദ്യകാലത്ത് രാജാവും പരിവാരങ്ങളും ഈ ഘോഷയാത്രയിൽ പങ്കെടുത്തിരുന്നു. എന്നാൽ ഇന്ന് രാജാവ് പങ്കെടുക്കുന്നില്ല എങ്കിലും അത്തച്ചമയത്തിന്റെ പ്രൗഢിക്ക് ഒരു മങ്ങലും വരുത്താതെയാണ് ഘോഷയാത്ര നടത്തുന്നത്. അത്തം നാളിൽ കൊച്ചിരാജാവ് സർവാഭരണ വിഭൂഷിതനായി സർവസൈന്യ സമേതനായും കലാസമൃദ്ധിയോടും കൂടി ഘോഷയാത്രയായി പ്രജകളെ കാണാനെത്തുന്ന സംഭവമാണ് രാജഭരണകാലത്തെ അത്തച്ചമയം. 1949 ൽ തിരുവിതാംകൂർ – കൊച്ചി സംയോജനത്തോടെ രാജകീയ അത്തച്ചമയം നിർത്തലാക്കി. 10 ദിവസം നീണ്ടു നിൽക്കുന്ന ഓണഘോഷങ്ങൾക്ക് തുടക്കം കുറിക്കുന്ന ദിവസമാണ് അത്തം. സമാധാനവും, ഐശ്വര്യവും നിറഞ്ഞ തന്റെ ഭരണകാലം ഓർമ്മിക്കുവാനും തന്റെ പ്രജകളെ നേരിൽ കാണുവാനും മഹാബലി ചക്രവർത്തി കേരളത്തിൽ വരുന്ന ദിവസമാണ് ഓണമെന്നു പറയുന്നതോടൊപ്പം ഇതു വിളവെടുപ്പുകാലം കൂടിയാണ്.



നൃത്തനൃത്യങ്ങളിൽ, തിരുവാതിര, കുമ്മിയടി കലാപ്രകടനത്തിനെത്തിയവർ



ഗജവീരന്റെ പ്രൗഢമായ അകമ്പടി

നെറ്റിപ്പട്ടം ചാർത്തി അലങ്കരിച്ച ആനകളും നാടൻ കലാരൂപങ്ങളും എല്ലാം ഈ ആഘോഷത്തിൽ ഉൾ.പ്പെ ടുന്നു. കേരളത്തിലെ മിക്ക കലാരൂപങ്ങളേയും അടുത്തു കാണുവാൻ പറ്റിയ അവസരം കൂടിയാണ് തൃപ്പൂണിത്തുറ അത്തച്ചമയം.



ശിങ്കാരി മേളം



കഥകളി വേഷങ്ങൾ അത്തചമയത്തിൽ



അത്തചമയത്തിൽ മാവേലിമന്നനും



തെയ്യവും തിറയും നിറഞ്ഞാടുന്ന അത്തച്ചമയ വിശേഷം

# വീരസ്മരണകൾ പുതുക്കുന്ന 'ഓണത്തല്ല്'

ഓണത്തല്ല്, അവിട്ടത്തല്ല് എന്നതെല്ലാം ഓണക്കലമാകുമ്പോൾ കേൾക്കുന്ന വെറും വാക്കുകളല്ല, വീരസ്മരണകൾ ഒരുപാടുണ്ട് ഈ വാക്കുകൾക്ക് പിന്നിൽ. ആ സ്മരണകൾ പുതുക്കുകയാണ് ഇപ്പോഴും ഓണക്കാലത്ത് കണ്ടുവരുന്ന 'ഓണത്തല്ല്' വലിയൊരു കഥയുണ്ട് ഇതിനു പിന്നിൽ. സാമൂതിരിയുടെ സാമന്തനായ കുറൂർ നമ്പിടിയെ കുതിരവട്ടത്ത് നായർ ചതിച്ച് കൊലപ്പെടുത്തിയതിന് പ്രതികാരമായി നമ്പിടിയുടെ ദേശക്കാർ എത്തുന്നതാണ് ഓണത്തല്ലിന്റെ ഐതിഹ്യം പറയുന്നത്. വരിയോട്ടം, വള്ളിച്ചാട്ടം, നിരയോട്ടം എന്നിങ്ങനെ പലതുണ്ട് ഓണത്തല്ലിൽ. ഇരുവിഭാഗത്തിലെയും സമപ്രായക്കാർ ഓണത്തല്ലിന് ശേഷം വരിയോട്ടവും നിരയോട്ടവും കഴിഞ്ഞ് ആർപ്പുവിളിയോടെ ഉപചാരം ചൊല്ലി ക്ഷേത്രക്കുളത്തിൽ ചാടി കുളിച്ച് തൊഴും.



പടയണി തുടങ്ങിയ കലാരൂപങ്ങൾ



.ഓണക്കാല വിനോദങ്ങളിൽ ഏറ്റവും പഴക്കമേറിയ ഇനമാണ് ഓണത്തല്ല്. ഓണപ്പട, കൈയ്യാങ്കളി എന്നും ഇതിന് പേരുണ്ട്.



തൃശ്ശൂരിന്റെ തനതു കലയായ പുലികളി

പല്ലശ്ശനയിലാണ് കേരളത്തിൽ 'ഓണത്തല്ല്' എന്ന കലാരൂപം ഏറ്റവും മികച്ച രീതിയിൽ അരങ്ങേറാറുള്ളത്. തിരുവോണ ദിവസം വിവിധ സമുദായക്കാർ ചേർന്നാണ് ഇത് നടത്താറ്. 17 ദേശങ്ങളാണ് ഇതിൽ പ്രധാനം. വ്രതശുദ്ധിയോടെ ഭസ്മം തൊട്ട്

കച്ചകെട്ടി ഓണത്തല്ലിനായി ആളുകൾ കളത്തിലേക്കിറങ്ങുമ്പോൾ കാണികൾ കരഘോഷത്തോടെ അത് അവരുടെ ആഘോഷമാക്കി മാറ്റും. നിരന്നു നിൽക്കുന്ന രണ്ടു ചേരിക്കാർക്കും നടുവിൽ 14 മീറ്റർ വ്യാസത്തിൽ ചാണകം മെഴുകിയ കളത്തിലാണ് തല്ലു നടക്കുക. ഇതിന് ആട്ടക്കളം എന്നു പറയുന്നു. തല്ലു തുടങ്ങും മുൻപ് പരസ്പരം ഉപചാരം ചെയ്യുകയും ഗുരുക്കൻമാരെ വണങ്ങുകയും ചെയ്യുന്നു. ഇതിന് 'ചേരികുമ്പിടുക' എന്ന് പറയുന്നു.

ഏതെങ്കിലും ഒരു ചേരിയിൽ നിന്ന് പോർവിളി മുഴക്കി ഒരാൾ ആട്ടക്കളത്തിലിറങ്ങുന്നു. തുല്യശക്തിയുള്ള ഒരാൾ എതിർചേരിയിൽ നിന്നും ഇറങ്ങും. തറ്റുടുത്ത് ചേല മുറുക്കി 'ഹയ്യത്തടാ' എന്നൊരാർപ്പോടെ നിലം വിട്ടുയർന്ന് കളംതൊട്ട് വന്ദിച്ച് ഒറ്റക്കുതിപ്പിൽ രണ്ടുതല്ലുകാരും മുഖത്തോടു മുഖം നോക്കി നിന്ന് ഇരുകൈകളും കോർക്കും. പിന്നെ കൈകൾ രണ്ടും ആകാവുന്നത്ര ബലത്തിൽ കോർത്ത് മുകളിലേക്കുയർത്തി താഴേക്ക് ശക്തിയായി വലിച്ചു വിടുവിക്കും. അതോടെ തല്ലു തുടങ്ങുകയായി. ഒപ്പം ആർപ്പുവിളികളും. തല്ലു തുടങ്ങിയാൽ ഏതെങ്കിലും ഒരു പക്ഷത്തിന് വിജയം കിട്ടാതെ കളം വിട്ടു പോകരുതെന്ന് നിയമമുണ്ട്.

വിദഗ്ദ്ധ പരിശീലനം ലഭിച്ച ആളുകൾക്ക് മാത്രമേ പ്രകടനത്തിൽ പങ്കെടുക്കാൻ കഴിയൂ. മികച്ച പ്രകടനം കാഴ്ച വെക്കുന്ന തരത്തിലുള്ള ഒരു അഭ്യാസിയായി മാറാൻ മൂന്നോ നാലോ വർഷം എടുക്കും എന്നാണ് ഇതുമായി ബന്ധപ്പെട്ടവർ പറയുന്നത്. റഫറി അഥവാ ചായിക്കാരനും വേണം കുറേയോഗ്യതകൾ.

ഓണത്തല്ലുകാർക്കിടയിൽ ഒരു വീരനായകനുണ്ട്. കാവശ്ശേരി ഗോപാലൻ നായർ. സ്വന്തം ദേഹത്ത് എതിരാളിയുടെ കൈ ഒരിക്കൽപോലും വീഴിക്കാതെ നാൽപതുകൊല്ലം തല്ലി ജയിച്ചയാളാണ് ഇദ്ദേഹം. കടമ്പൂർ അച്ചുമൂത്താനും പ്രസിദ്ധനാണ്. ഇയാൾ ആദ്യമായി പരാജയമറിഞ്ഞത് അമ്പത്തഞ്ചാമത്തെ വയസ്സിൽ കാവശ്ശേരി ഗോപാലൻ നായരോടാണ്. ഇരുവരും ആ കളിയോടെ എന്നെന്നേക്കുമായി കളം വിട്ടു. വരവൂർ സെയ്താലി, എടപ്പാൾ ഗോപാലൻ, പാത്തുക്കുടി ഉടൂപ്പ് തുടങ്ങിയവരും പേരുകേട്ട ഓണത്തല്ലുകാരാണ്.






കെ.രാജീവൻ
പ്രസിഡന്റ്

# ഇന്ത്യ തദ്ദേശീയമായി നിർമ്മിച്ച ആദ്യത്തെ വിമാനവാഹിനിക്കപ്പലായ വിക്രാന്ത് കമ്മീഷൻ ചെയ്തു.



ഐഎൻഎസ് വിക്രാന്ത്

തെക്കൻ സംസ്ഥാനമായ കേരളത്തിൽ നടന്ന ചടങ്ങിൽ ഇന്ത്യ തദ്ദേശീയമായി നിർമ്മിച്ച ആദ്യത്തെ വിമാനവാഹിനിക്കപ്പലായ വിക്രാന്ത് കമ്മീഷൻ ചെയ്തു. ഇന്ത്യൻ നാവികസേനയിൽ ചേരുന്നതിന് മുന്നോടിയായി ബിബിസിയുടെ ജുഗൽ പുരോഹിത് കപ്പൽ പര്യടനം നടത്തി. വെള്ളിയാഴ്ച രാവിലെ 45,000 ടൺ ഭാരമുള്ള വിക്രാന്ത് പ്രധാനമന്ത്രി നരേന്ദ്ര മോദി പങ്കെടുത്ത ഔപചാരിക കമ്മീഷൻ ചടങ്ങിൽ ഐഎൻഎസ് (ഇന്ത്യൻ നേവൽ ഷിപ്പ്) എന്ന പ്രിഫിക്സ് ലഭിച്ചു. ഇത് 13 വർഷം നീണ്ടുനിന്ന ഒരു നിമിഷമാണ്. 262 മീറ്റർ (860 അടി) നീളവും ഏതാണ്ട് 60 മീറ്റർ (197 അടി) ഉയരവുമുള്ള ഈ കപ്പൽ ഇന്ത്യ സ്വന്തമായി രൂപകല്പന ചെയ്യുകയും നിർമ്മിക്കുകയും ചെയ്ത ആദ്യത്തെ വിമാനവാഹിനി ക്കപ്പലാണ്. 30 യുദ്ധവിമാനങ്ങളും ഹെലികോപ്റ്ററുകളും കൈവശം വയ്ക്കാനുള്ള ശേഷി ഇതിന് ഉണ്ട്. "ഒരു ഫ്ലോട്ടിംഗ് സിറ്റി" എന്നും "സ്വദേശി സാധ്യതകളുടെ പ്രതീകം" എന്നും മോദി വിശേഷിപ്പിച്ചു.




"ഐഎൻഎസ് വിക്രാന്തിനൊപ്പം, തദ്ദേശീയമായ വിമാനവാഹിനിക്കപ്പലുകൾ നിർമ്മിക്കുന്ന രാജ്യങ്ങളുടെ പട്ടികയിൽ ഇന്ത്യയും ചേർന്നു. ഈ സാങ്കേതികവിദ്യ കൈവരിച്ചതോടെ, രാജ്യത്ത് ഒരു പുതിയ ആത്മവിശ്വാസം കൈവന്നു. ," കമ്മീഷൻ ചടങ്ങിൽ അദ്ദേഹം പറഞ്ഞു.

# കോട്ടയം ജില്ലാ ഘടകത്തിന്റെ ഭരണ സമിതി യോഗം

എസ്. ബി .ഐ. പെൻഷനേഴ്സ് അസ്സോസിയേഷന്റെ കോട്ടയം ജില്ലാ ഘടകത്തിന്റെ ഭരണ സമിതി യോഗം 2022 സെപ്റ്റംബർ 2–ാം തിയതി പകൽ 11 മണിക്ക് അസോസ്സിയേഷന്റെ കോട്ടയം ഏരിയാ ഓഫീസിൽ വച്ച് നടത്തി. ജില്ലാ പ്രസിഡന്റ് കെ.എൻ.വിശ്വനാഥൻ നായർ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു,





വൈസ് പ്രസിഡന്റ് എം.പി.പുഷ്കരൻ, യോഗത്തിൽ പങ്കെടുത്തവരെ സ്വാഗതം ചെയ്തു.

ജില്ലാ സെക്രട്ടറി . പി. എം. ജേക്കബ്ബ് കഴിഞ്ഞ കമ്മറ്റിയുടെ മിനിട്സ് അവതരിപ്പിച്ചു, മററു സംഘടനാ തല കാര്യങ്ങളും റിപ്പോർട്ടു ചെയ്തു. തുടർന്ന് മാസാന്ത്യ കണക്കുകൾ ബാങ്കിൽ നിന്ന് സ്റ്റേറ്റ്മെന്റ് കിട്ടാത്തതിനാലും ട്രഷറാർ അവധി യായതിനാലും ചിലവുകളുടെ അവലോകനം മാത്രം നടത്തി ചർച്ച ചെയ്ത് അംഗീകരിച്ചു. ബാങ്കിൽ നിന്ന് സ്റ്റേറ്റ്മെന്റ് കിട്ടുന്ന മുറയ്ക്ക് അടുത്തമാസത്തിൽ അക്കൗണ്ട്സ് പൂർണ്ണമായി അവതരിപ്പിക്കുവാൻ അനുമതി നല്കി. തുടർന്ന് പ്രത്യേക ക്ഷണിതാവായി യോഗത്തിൽ പങ്കെടുത്ത ഡെപ്യൂട്ടി ജനറൽ സെക്രട്ടറി ഹെൻറി ജോൺ. അസ്സോസിയേഷൻ പ്രവർത്തനങ്ങൾ അവലോകനം ചെയ്ത് സംസാരിച്ചു. എല്ലാ ഏരിയാക്കമ്മറ്റികളുടേയും യോഗങ്ങൾ പ്രത്യേകിച്ച് വൈക്കം ഏരിയാക്കമ്മറ്റിയുടെ സൗജന്യ മെഡിക്കൽ ക്യാമ്പ് എല്ലാവർക്കും പ്രയോജനം ചെയ്ത കാര്യവും അദ്ദേഹം സൂചിപ്പിച്ചു.



ഡെപ്യൂട്ടി ജനറൽ സെക്രട്ടറി ഹെൻറി ജോൺ.

ജില്ലാ കേന്ദ്രത്തിന്റെ വാർഷിക പൊതുയോഗവും ഓണാഘോഷ പരിപാടികളും 2022 സെപ്റ്റംബർ 17–ാം തിയതി ശനിയാഴ്ച്ച കോട്ടയം ബേക്കർ എൽ.പി.സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് നടത്തുവാൻ തീരുമാനിച്ചു. മാവേലി, ഓണപ്പൂക്കളം, ഓണസ്സദ്യ, സംഘഗാനം തുടങ്ങിയവ കൂടാതെ മറ്റ് കലാപരിപാടികൾ കൂടി ബന്ധപ്പെട്ടവരുമായി കൂടിയാലോചിച്ച് നടത്തുവാൻ തീരുമാനിച്ചു. ഡിസ്പ്പെൻസറിയിൽ നിന്ന് മരുന്നിന്റെ ലഭ്യത ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ ആവശ്യമാണെന്ന് സംസ്ഥാന കമ്മറ്റിയംഗം റൈസാ ബീഗം പറഞ്ഞു. ഇക്കാര്യം സംസ്ഥാന കമ്മറ്റിയിൽ കൂടി അവതരിപ്പിച്ച് പരിഹാരം കാണണമെന്നും അവർ അഭിപ്രായപ്പെട്ടു

# പെൻഷൻ സംഘടനകളെ ഒരുമിപ്പിച്ച് ഗുജറാത്ത്

എല്ലാ ബാങ്ക് പെൻഷൻകാരുടെ സംഘടനകളേയും ഒരു കുടക്കീഴിൽ, ഒരു ബാനറിന് കീഴിൽ കൊണ്ടുവരുന്നതിൽ ഗുജറാത്ത് നേതൃത്വം നൽകുന്നു. 2022 ആഗസ്റ്റ് 28, ബാങ്ക് റിട്ടയർ ചെയ്യുന്നവരെ സംബന്ധിച്ചിടത്തോളം ഒരു ചരിത്ര ദിനമായിരുന്നു. ഗുജറാത്തിലെ വിവിധ ബാങ്കുകളിലെ എല്ലാ പെൻഷനേഴ്സ് ആൻഡ് റിട്ടയറിസ് അസോസിയേഷനുകളും എല്ലാ ഭിന്നതകളും പരിഹരിച്ച് നീതി ലഭിക്കുന്നതിനും പൊതു ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുമായി ഒരു ബാനറിന് കീഴിൽ വരാൻ തീരുമാനിച്ചു.

"ഓൾ ബാങ്ക്സ് പെൻഷനേഴ്സ് ആൻഡ് റിട്ടയറീസ് അസോസിയേഷൻ ഗുജറാത്ത്" രൂപീകരിച്ച് പ്രവർത്തനക്ഷമമാക്കി. പുതുതായി രൂപീകരിച്ച സംഘടനയെ പിന്തുണയ്ക്കുകയും നയിക്കുകയും ചെയ്യുന്നത് എസ്ബിഐ (സുരേഷ് റിന്ദാനി) ബി.ഒ.ബി (കെ ബി. മേത്ത) എ.ഐ.ബി.പി.ആർ.സി. ( ആർ. എസ്. ത്രിവേദി), എഐബിആർഎഫ് ( ജെ ബി ഡേവ്, പ്രവീൺ ശുക്ല) എന്നിവിടങ്ങളിൽ നിന്നുള്ള വിരമിച്ച നേതാക്കളാണ്. ബാങ്ക് ഓഫ് ബറോഡായിൽ നിന്നും വിരമിച്ച എ.ഐ.ബി.ഇ.എ.യുടെ ശക്തനായ നേതാവ് ഐ.ബി.ഷാ ഇക്കാര്യത്തിൽ നിർണായക പങ്ക് വഹിച്ചിട്ടുണ്ട്.




ഓൾ ബാങ്ക്സ് പെൻഷനേഴ്സ് ആൻഡ് റിട്ടയറീസ് അസോസിയേഷൻ ഗുജറാത്ത് എന്ന സംഘടന രൂപീകരിച്ച് അഹമ്മദാബാദിലെ അതിറ ഓഡിറ്റോറിയ ത്തിൽ സംഘടിപ്പിച്ച സമ്മേളനം

ആഗസ്ത് 28-ന് അഹമ്മദാബാദിലെ അതിറ ഓഡിറ്റോറിയത്തിൽ ഒരു ഗംഭീരമായ മീറ്റിംഗ് സംഘടിപ്പിച്ചു, എല്ലാ ബാങ്കുകളിൽ നിന്നുമുള്ള 500ലധികം പെൻഷൻകാർ സന്നിഹിതരായിരുന്നു, ഒരേ സ്വരത്തിൽ ഈ നീക്കത്തെ പിന്തുണച്ചു.

# ഓണാഘോഷ പെരുമയിൽ പെരുമ്പാവൂർ മേഖലാ സമ്മേളനം

പെരുമ്പാവൂർ മേഖലാ സമ്മേളനം 2022 സെപ്റ്റമ്പർ മാസം 3–ാം തിയതി ശനിയാഴ്ച്ച രാവിലെ 10.30 മണി മുതൽ പെരുമ്പാവൂർ വൈ.എം.സി.എ. ഹാളിൽ വച്ച് നടന്നു. എൻ.പി. നീലകണ്ഠൻ നമ്പൂതിരിയുടെ സ്വാഗതഗാനത്തോടെ യോഗനട പടികൾ ആരംഭിച്ചു. കൺവീനർ ഷാജു തോമസ് അദ്ധ്യക്ഷത വഹിച്ചു. ജോയിന്റ് കൺവീനർ ജോസ്.എം.എ. സ്വാഗതം ആശംസിച്ചു. ചീഫ് മാനേജർ ജഗൻ ജോസഫ് സമ്മേളനം ഉദ്ഘാടനം ചെയ്തു. കൃഷ്ണമൂർത്തി ഏരിയ റിപ്പോർട്ട് അവ തരിപ്പിച്ചു.



യോഗത്തിൽ യു.എഫ്.ബി.യു കൺവീനർ സഞ്ജീവ് ബന്ദ്ളീഷ് , സംസാരിക്കുന്നു

യു.എഫ്.ബി.യു കൺവീനർസഞ്ജീവ് ബന്ദ്ലീഷ്, യോഗത്തിൽ ഒരു മണിക്കൂർ നീണ്ട പ്രസംഗത്തിൽ, വിരമിച്ചവരുടെ പ്രശ്നങ്ങൾ, പ്രത്യേകിച്ച് പെൻഷൻ അപ്ഡേറ്റ്, 100% DA ന്യൂട്രലൈസേഷൻ എന്നിവ പരിഹരിക്കുന്നതിന് യു.എഫ്.ബി .യു യുടെ യോജിച്ച ശ്രമങ്ങൾ അദ്ദേഹം ഉറപ്പു നൽകി.



ഓഡിറ്റോറിയത്തിൽ തിങ്ങി നിറഞ്ഞ് സദസ്സ്

എല്ലാ ബാങ്ക് റിട്ടയേർസ് ഓർഗനൈസേഷനുകളെയും ഒരു കുടക്കീഴിലും ബാനറിനു കീഴിലും കൊണ്ടുവരാൻ ഗുജറാത്ത് ആസ്ഥാനമായുള്ള റിട്ടയേർസ് നേതൃത്വത്തിന്റെ നല്ല തുടക്കമാണിത്.

നമ്മുടെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് കാലഘട്ടത്തിന്റെ ആവശ്യമായ ഈ ഏകീകരണ പ്രക്രിയയെ കൂടുതൽ ശക്തിപ്പെടുത്തുന്നതിന് സമീപഭാവിയിൽ അഹമ്മദാബാദിലെ വിവിധ ഓൾ ഇന്ത്യ റിട്ടയർ ഓർഗനൈസേഷനുകളിൽ നിന്നുള്ള ഉന്നത നേതാക്കളെ ക്ഷണിക്കാനും തീരുമാനിച്ചു.

## ഐക്യമാണ് യഥാർത്ഥ ശക്തി...

ഐക്യത്തിന് മാത്രമേ വിജയം കൈവരിക്കാൻ കഴിയൂ. 1986-ന് മുമ്പും 2002-ന് മുമ്പും വിരമിച്ചവരുടെ സമയം കഴിഞ്ഞു. അഭിപ്രായവ്യത്യാസങ്ങൾ കുഴിച്ചുമൂടാനും വിരമിച്ച എല്ലാ സംഘടനകളും ഒരുമിച്ച് പ്രവർത്തിക്കാനുമുള്ള സമയമാ ണിത്. ഗുജറാത്ത് മുന്നിലെത്തി ഭാവിയുടെ വഴി കാണിച്ചു. ഈ പ്രസ്ഥാനം വൻ വിജയമാക്കാൻ നമുക്ക് പ്രതിജ്ഞാ ബദ്ധമാക്കാം.





ഹാളിന്റെ ഇടം വലം നിറഞ്ഞ് സദസ്സ്

തുടർന്ന് പ്രത്യേക ക്ഷണിതാവായി യോഗത്തിൽ പങ്കെടുത്ത എറണാകുളം ഡെപ്യൂട്ടി ജനറൽ സെക്രട്ടറി ജോസഫ് പാലക്കൽ മുഖ്യ പ്രഭാഷണം നടത്തി. ലോകത്തെ മുഴുവൻ പിടിച്ചുലയ്ക്കുകയും വലിയ തോതിൽ നമ്മുടെയൊക്കെ ജീവിതങ്ങളെത്തന്നെ മാറ്റി മറിക്കുകയും ചെയ്ത കോവിഡിന്റെ, പിടിയിൽ നിന്ന് ലോകം പുറത്തു കടക്കുന്നത് ആഗോള സാമ്പത്തിക മാന്ദ്യത്തിലേക്കാണ്. ബാങ്കിംഗ് മേഖലയുടെയും ഒട്ടു മൊത്തത്തിൽ സമൂഹത്തിന്റെ, ആരോഗ്യത്തിനും ശരിയായ ദിശാബോധത്തിനും വേണ്ടി നാമിന്ന് സജീവമായി രംഗത്തു വരേണ്ടതുണ്ട്. 70 കളിലെ ബാങ്ക് ദേശസാൽക്കരണങ്ങൾ കൊണ്ടുവന്ന നേട്ടങ്ങൾ നാം മറന്നു കൂടാ. ഈ കാലഘട്ടം അഭിമുഖീകരിക്കുന്ന സാർവ്വദേശീയ സമകാലിക രാഷ്ട്രീയ വർഗ്ഗ ദേശ സംഘർഷങ്ങൾ സംഘടിത തൊഴിലാളി പ്രസ്ഥാന ങ്ങളേയും, സമരമാഗ്ഗങ്ങളേയും പോർമുഖങ്ങളേയും പറ്റി ചിന്താക്കുഴപ്പം ഉണ്ടാകുമ്പോൾ നിസ്സഹായാവസ്ഥയിലുള്ള ബാങ്ക് പെൻഷൻകാരുടെ അവകാശങ്ങൾക്കുവേണ്ടി സംഘടനയുടെ കരങ്ങൾ ശക്തിപ്പെടുത്തേണ്ടതുണ്ട്. അദ്ദേഹം അഭിപ്രായപ്പെട്ടു. 75 വയസ്സ് കഴിഞ്ഞ മുതിർന്ന അംഗങ്ങളെ അദ്ദേഹം പൊന്നാട അണിയിച്ച് ആദരിച്ചു.

"അറുപതും, ആരോഗ്യവും" എന്ന വിഷയം ആസ്പദമാക്കി ഡോ: ഉമ നായർ ബോധവൽക്കരണ ക്ലാസ്സ് എടുത്തു. ആശംസകൾ നേർന്ന് മാനേജർ (എച്ച്.ആർ) ഷമീർ, ജില്ലാ പ്രസിഡന്റ്, റ്റി.ഒ.ജോൺ, ജില്ലാ സെക്രട്ടറി സി.ജി. രാജഗോപാൽ എന്നിവർ സംസാരിച്ചു. എക്സിക്യൂട്ടിവ് അംഗം സ്വാഗതസംഘം കൺവീനർ അനിൽ.റ്റി.പി. കൃതഞ്ജത പ്രകാശിപ്പിച്ചു. ഓണസദ്യയ്ക്ക് ശേഷം സമ്മേളനം സമാപിച്ചു.

## ഓണാഘോഷം

ട്രഷറർ റ്റി.വി. രാജാമണിയുടെ നേതൃത്വത്തിൽ സംഘഗാനവും മറ്റ് കലാപരിപാടികളും നടന്നു.



തിരുമേനിയെഴുന്നെള്ളും സമയമായീ ഹൃദയങ്ങളമണിഞ്ഞൊരുങ്ങീ...



തിരുവോണപ്പുലരിതൻ തിരുമുൽക്കാഴ്ച്ച കാണാൻ തിരുമുറ്റമണിഞ്ഞൊരുങ്ങീ...

## പ്രൗഢം, ഗംഭീരം.

അഖിലേന്ത്യ സമ്മേളനമല്ല, സംസ്ഥാന സമ്മേളനമല്ല. ഒരു ജില്ലയുടെ മേഖല സമ്മേളനം. ഭാരവാഹികളുടെ നിതാന്തമായ പരിപ്രേക്ഷ്യമാണ് ഇതിനു പിന്നിൽ. കോവിഡും, പ്രളയവും നിറം കെടുത്തിയ കാലം കടന്ന്, പുതിയ ആവേശം തിരിച്ചെത്തി.. സമ്മേളനങ്ങൾ ആഘോഷിക്കാനും കൂടി ഉള്ളതാണെന്ന സന്ദേശം. മാവേലിയുമൊത്തു, പൂക്കളമിട്ടും, ഓണപുടവ യണിഞ്ഞും, ഓണസദ്യ വിളമ്പിയും, ആടിയും, പാടിയും ഉള്ള ആഘോഷ തിമിർപ്പ്.പ്രതീക്ഷകൾ പൂവിടുന്ന ആഘോഷ സമ്മേളനം. എന്ന് വിലയിരുത്തി തിരുവനന്തപുരം എ.ജി.എസ്., രാജചന്ദ്രൻ നായർ.



വേദിയിൽ എറണാകുളം ഡി.ജി.എസ്. ജോസഫ് പാലക്കൽ, ജില്ലാ സെക്രട്ടറി സി.ജി.രാജഗോപാൽ എന്നീ നേതാക്കളോടൊപ്പം മാവേലിത്തമ്പുരാനെയും കാണാം




## പണപ്പെരുപ്പം 12.41 ശതമാനമായി കുറഞ്ഞു

മൊത്തവിലയെ അടിസ്ഥാനമാക്കിയുള്ള രാജ്യത്തെ പണപ്പെരുപ്പനിരക്ക് 2022 ജൂലൈയിലെ 13.93 ശതമാനത്തിൽ നിന്ന് ഓഗസ്റ്റിൽ 12.41 ശതമാനമായി കുറഞ്ഞു. ഭക്ഷ്യേതര ഉത്പന്നങ്ങളുടെയും ധാതുഎണ്ണകളുടെയും വിലവർധനയാണ് മൊത്തവില പണപ്പെരുപ്പം ഉയരാനിടയാക്കിയത്. തുടർച്ചയായ മൂന്നാം മാസമാണ് പണപ്പെരുപ്പം കുറയുന്നത്. എങ്കിലും തുടർച്ചയായി 17-ാമത്തെ മാസമാണ് പണപ്പെരുപ്പം രണ്ടക്കത്തിൽ തുടരുന്നത്.

## ഓഹരി വിപണിയിൽ മുന്നേറ്റം

ഓഹരി വിപണിയിൽ തുടർച്ചയായി മുന്നേറ്റം. ബോംബെ ഓഹരി സൂചികയായ സെൻസെക്സ് വീണ്ടും 60.346.97 പോയിന്റ് വരെയും നാഷണൽ സ്റ്റോക്ക് എക്സ്ചേഞ്ച് സൂചികയായ നിഫ്റ്റി 18,003.75 പോയിന്റ് വരെയും ഉയർന്ന് പുതിയ റെക്കോർഡിട്ടു. പക്ഷേ തുടർന്നുള്ള ദിവസങ്ങളിൽ ഈ മുന്നേറ്റം നിലനിർത്താനായില്ല.



ആറ് വ്യാപാര ദിനങ്ങളിലെ തുടർച്ചയായ തകർച്ചയ്ക്ക് ശേഷം മേയ് 18-ാം തിയതി ബുധനാഴ്ച്ച ഒറ്റ ദിവസത്തെ ഏറ്റവും വലിയ നേട്ടമായി 1344.63 പോയിന്റുയർന്ന് സെൻസെക്സും 417 പോയിന്റുയർന്ന് നിഫ്റ്റിയും ക്ലോസ്സ് ചെയ്തിരുന്നു. ആഗോളവിപണിയുടെ ചുവടുപിടിച്ചാണ് ഇന്ത്യൻ വിപണിയും നേട്ടത്തിന്റെ പാതയിലെത്തിയത്.



**കാർഡ് ടോക്കണൈസേഷൻ ഒക്ടോബർ ഒന്ന് മുതൽ റിസർവ്വ് ബാങ്ക്**

# എല്ലാ ക്രെഡിറ്റ് കാർഡ് ശൃംഖലകളും യു.പി.ഐ. യുമായി ബന്ധിപ്പിക്കാൻ പദ്ധതിയെന്ന് ആർ.ബി.ഐ.

എല്ലാ ക്രെഡിറ്റ് കാർഡ് ശൃംഖലകളും യൂണിഫൈഡ് പേയ്മെന്റ് ഇന്റർഫേസുമായി (യു.പി.ഐ.) ബന്ധിപ്പിക്കാൻ പദ്ധതിയെന്ന് ആർ.ബി.ഐ. ഒരാഴ്ച്ച മുൻപ് പഞ്ചാബ് നാഷണൽ ബാങ്ക്, യൂണിയൻ ബാങ്ക്, ഇന്ത്യൻ ബാങ്ക്, എന്നിവയിലെ റൂപേ ക്രെഡിറ്റ് കാർഡ് ഉപഭോക്താക്കളെ യു.പി.ഐ.യിലേക്ക് ബന്ധിപ്പിക്കുന്ന പദ്ധതി തുടങ്ങി.




# ഡെബിറ്റ്/ക്രെഡിറ്റ് കാർഡ് ടോക്കണൈസേഷൻ ഒക്ടോബർ ഒന്ന് മുതൽ

ഇടപാടുകൾ കൂടുതൽ സുരക്ഷിതമാക്കാനും സൈബറാക്രമണത്തിൽ നിന്ന് ഉപഭോക്താക്കൾക്ക് സംരക്ഷണമൊരുക്കാനും റിസർവ് ബാങ്ക് നടപ്പാക്കുന്ന കാർഡ് ടോക്കണൈസേഷൻ ഒക്ടോബർ ഒന്നിന് നിലവിൽ വരും. സാങ്കേതിക സൗകര്യമൊരുക്കുന്നതിന് ഇനിയും സമയം നീട്ടി നല്കില്ലെന്ന് ആർ.ബി.ഐ. വ്യക്തമാക്കിയിട്ടുണ്ട്.



റിസർവ് ബാങ്ക് ഗവർണർ ശക്തികാന്തദാസ്

## ടോക്കണൈസേഷൻ

ഡെബിറ്റ്/ക്രെഡിറ്റ് കാർഡിലെ യഥാർത്ഥ വിവരങ്ങൾക്ക് പകരം പ്രതീകാത്മകമായ 16 അക്ക നമ്പറിൽ (ടോക്കൺ നമ്പർ) ഇടപാടുകൾ സാദ്ധ്യമാകുന്ന മാർഗ്ഗമാണ് ടോക്കണൈസേഷൻ. ഇത് നടപ്പാകുന്നതോടെ ഓൺലൈൻ വ്യാപാര പോർട്ടലുകളിൽ കാർഡിലെ യഥാർത്ഥ വിവരങ്ങൾ സൂക്ഷിക്കാനാവില്ല. ഓരോ ഇടപാടിനും വ്യത്യസ്ത കോഡുകൾ ജെനറേറ്റ് ചെയ്യപ്പെടും.

# ചരിത്രത്തിലെ താഴ്ന്ന നിലയിൽ രൂപ

2022 സെപ്റ്റംബർ മാസം 23-ാം തിയതി വെള്ളിയാഴ്ച വിദേശ വിനിമയ വിപണിയിൽ ഡോളറിനെതിരേ 44 പൈസയുടെ നഷ്ടവുമായി കൂപ്പുകുത്തി ഇന്ത്യൻ രൂപ. ഡോളറൊന്നിന് 81.23 രൂപ നിരക്കെന്ന ചരിത്രത്തിലെ ഏറ്റവും താഴ്ന്ന നി ലവാരത്തിലാണ് രൂപ വ്യാപാരം നിർത്തിയത്. ആർ.ബി.ഐ. ഇടപെട്ടതോടെ ക്ലോസിംഗിൽ നേരിയ തോതിൽ നഷ്ടം നികത്തി 80.99 എന്ന നിലയിലെത്തി. അതായത്, ഒരു ഡോളർ വാങ്ങുന്നതിന് 80.90 രൂപ നൽകണം .



ഇന്ത്യൻ കറൻസിയുടെ ചരിത്രത്തിലെ ഏറ്റവും താഴ്ന്ന നിലവാരമാണിത്.

# വിദേശ നാണ്യ കരുതൽ ശേഖരം താഴ്ന്നു

രൂപയുടെ മൂല്യം പിടിച്ചു നിർത്താനുള്ള ശ്രമത്തിനിടെ വിദേശ നാണ്യ കരുതൽ ശേഖരം താഴ്ന്നു. കരുതൽ ശേഖരം 521.9 കോടി ഡോളർ കുറഞ്ഞ് 54,565 കോടി നിലവാരത്തിലെത്തി.

# ഇന്ത്യയുടെ വളർച്ചാ അനുമാനം വീണ്ടും താഴ്ത്തി ഫിച്ച്

മുംബൈ ഇന്ത്യയുടെ നടപ്പുസാമ്പത്തിക വർഷത്തെ വളർച്ചാഅനുമാനം വീണ്ടും താഴ്ത്തി റേറ്റിങ് ഏജൻസിയായ ഫിച്ച്.. ജൂണിൽ പറഞ്ഞിരുന്ന 7.8 ശതമാനത്തിൽനിന്ന് ഏഴുശതമാനമായാണ് കുറച്ചത് ആഗോള സമ്പദ് വ്യവസ്ഥയിലെ മാന്ദ്യം , ഉയർന്ന പണപ്പെരുപ്പം , പലിശ നിരക്കിലെ വർധന എന്നിവയാണ് ഇതിനു കാരണമായി ചൂണ്ടിക്കാട്ടുന്നത് . 2023 -24 സാമ്പത്തിക വർഷത്തെ വളർച്ചാ അനുമാനവും ഫിച്ച് കുറച്ചിട്ടുണ്ട് . മുമ്പ് പറഞ്ഞിരുന്ന 7.4 ശതമാനത്തിൽ നിന്ന് 6.7 ശതമാനമായാണ് ഇതു താഴ്ത്തിയത .

# എസ്.ബി.ഐ. വിപണിമൂല്യം അഞ്ച് ലക്ഷം കോടി കടന്നു

രാജ്യത്തെ ഏറ്റവും പൊതുമേഖലാ ബാങ്കായ എസ്.ബി.ഐ. ക്ക് വിപണിമൂല്യം അഞ്ച് ലക്ഷം കോടി കടന്നു. ഈ നേട്ടം കൈവരിക്കുന്ന മൂന്നാമത്തെ ബാങ്കും ഏഴാമത്തെ കമ്പനിയുമാണ് എസ്.ബി.ഐ. 2022 സെപ്റ്റംബർ 14 ബുധനാഴ്ച്ച ഓഹരി വില 565 രൂപ കടന്നതോടെയാണിത്. ഓഹരി യൊന്നിന് 574.75 വരെ മുന്നേറിയ എസ്.ബി.ഐ. ഓഹരി വില 13.35 രൂപയുടെ നേട്ടവുമായി 571.60 രൂപ നിലവാരത്തിലാണ് വ്യാപാരം നിർത്തിയത് എച്ച്.ഡി.എഫ്.സി. ബാങ്ക്, ഐ.സി.ഐ.സി.ഐ. ബാങ്ക് എന്നീ ബാങ്കുകളാണ് ഇതിന് മുൻപേ വിപണിമൂല്യം അഞ്ച് ലക്ഷം കോടി കടന്നത്.

# ബി.പി.എൽ.ആർ. നിരക്കുയർത്തി എസ്.ബി.ഐ.

മുംബൈ റിസർവ് ബാങ്കിന്റെ പണവായ്പാ നയയോഗം നടക്കാനിരിക്കെ ബെഞ്ച്മാർക്ക് പ്രൈം ലെൻഡിങ് റേറ്റ് (ബി.പി.എൽ.ആർ.) എസ്.ബി.ഐ. 0.70 ശത മാനം വർധിപ്പിച്ചു . നിലവിലെ 12.75 ശതമാനത്തിൽനിന്ന് 13.45 ശത മാനമായാണ് വർധന . ബാങ്കിന്റെ അടിസ്ഥാന നിരക്ക് എട്ട് ശതമാനത്തിൽ നിന്ന് 8.7% ആയും വർദ്ധിപ്പിച്ചിട്ടുണ്ട്.

# ഗ്രാമീണ ബാങ്കുകളുടെ ഐ.പി.ഒ.

ആർആർബിയുടെ (RRB) അവയ്ക്ക് മൂലധനം സമാഹരിക്കാൻ നിർദ്ദേശിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ വിശദമായ കരട് പുറത്തുകൊണ്ടുവന്നു. പ്രാദേശിക ഗ്രാമീണ ബാങ്കുകളുടെ ഐപിഒകൾക്കുള്ള നിയമങ്ങൾ ഗവൺമെന്റ് ഡ്രാഫ്റ്റ് ചെയ്യുന്നു, മൂലധന സമാഹരണത്തിനായി പ്രാരംഭ പബ്ലിക് ഓഫർ നടത്താനുള്ള ഗ്രാമീണ ബാങ്കുകളുടെ ആസൂത്രണത്തിന് കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ കുറഞ്ഞത് 300 കോടി രൂപയുടെ ആസ്തി ഉണ്ടായിരിക്കണം. യോഗ്യരായ ഗ്രാമീണ ബാങ്കുകളെ .ആർ..ആർ.ബി.കളെ തിരഞ്ഞെടുക്കാനുള്ള ഉത്തരവാദിത്വം അതാത് സ്പോൺസർ ബാങ്കുകൾക്ക് നല്കിയിരിക്കയാണ്.

2022 സെപ്റ്റംബർ 14 ബുധനാഴ്ച പുറത്തിറക്കിയ കരട് മാർഗ്ഗനിർദ്ദേശങ്ങൾഅനുസരിച്ച്, മൂലധന സമാഹരണത്തിനായി പ്രാരംഭ പബ്ലിക് ഓഫർ നടത്താനുള്ള ആർ.ആർ.ബി.യുടെ പദ്ധതിക്ക് അർഹത നേടാൻ കഴിഞ്ഞ മൂന്ന് വർഷത്തേക്ക് കുറഞ്ഞത് 300 കോടി രൂപയുടെ ആസ്തി ഉണ്ടായിരിക്കണം. അവർക്ക് അവരുടെ മൂലധന പര്യാപ്തതയും ഉണ്ടായിരിക്കണം. ബുധനാഴ്ച പുറത്തിറക്കിയ കരട് മാർഗരേഖ. മൂലധന പര്യാപ്തത റെഗുലേറ്ററി മിനിമം ലെവലായ 9%-ന് മുകളിൽ ഉണ്ടായിരിക്കണം..

,

# കോട്ടയം ജില്ലാ വാർഷിക പൊതുയോഗവും ഓണാഘോഷവും

എസ്. ബി. ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ കോട്ടയം ജില്ലാ സെന്റർ വാർഷിക പൊതുയോഗവും ഓണാഘോഷവും സെപ്റ്റമ്പർ മാസം 17–ാം തിയതി ശനിയാഴ്ച്ച രാവിലെ 10.30 മണി മുതൽ കോട്ടയം ബേക്കർ എൽ.പി.സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് ആർഭാടപൂർണ്ണമായി സമംഗളം ആഘോഷിച്ചു. ജില്ലാ പ്രസിഡന്റ് കെ.എൻ.വിശ്വനാഥൻ നായർ അദ്ധ്യക്ഷത വഹിച്ചു. 313ൽപരം അംഗങ്ങൾ യോഗത്തിൽ സംബന്ധിച്ചു.




ജില്ലാ പ്രസിഡന്റ് കെ. എൻ .വിശ്വനാഥൻ നായർ. അദ്ധ്യക്ഷത വഹിച്ചു സംസാരിക്കുന്നു വേദിയിൽ സംസ്ഥാന ജനറൽ സെക്രട്ടറി എ. ജയകുമാറിനേയും കാണാം



313ൽപരം അംഗങ്ങൾ യോഗത്തിൽ സംബന്ധിച്ചു. സദസ്സിന്റെ ഒരു വീക്ഷണം

അദ്ധ്യക്ഷ പ്രസംഗത്തിൽ കെ. എൻ വിശ്വനാഥൻ നായർ മീറ്റിംഗിന്റെ പരിപാടികൾ വിശദമായി പ്രതിപാദിച്ചു. ഈശ്വര പ്രാർത്ഥനയ്ക്ക് ശേഷം ജില്ലാ സെക്രട്ടറി, .പി.എം. ജേക്കബ്ബ്, സദസ്സിനു സ്വാഗതം ആശംസിച്ചു. നമ്മുടെ സംഘടനയുടെ സംസ്ഥാന ജനറൽ സെക്രട്ടറി ജയകുമാർ.എ.,

വൈസ് പ്രസിഡന്റ് ബി.സി. ഉണ്ണികൃഷ്ണൻ നായർ. തുടങ്ങിയവർ പങ്കെടുത്തു.



വിശിഷ്ടാതിഥികൾക്കും സദസ്സിനും സ്വാഗതം ആശംസിച്ച് ജില്ലാ സെക്രട്ടറി, .പി.എം. ജേക്കബ്ബ്



അവതാരക ടീമംഗങ്ങളായ ജോർജ്ജ് തോമസ് തലക്കുളം, ഉഷാ പ്രസാദ് എന്നിവർ



ഡി.ജി.എമ്മിന്റെ അഭാവത്തിൽ നിയോഗിക്കപ്പെട്ട ചീഫ് മാനേജർ (എച്ച്.ആർ.) വി.കെ. അക്ബർ നിലവിളക്ക് കൊളുത്തി ഉദ്ഘാടനകർമ്മം നിർവഹിക്കുന്നു.

## ഓണാഘോഷം

എസ്.ബി.ഐ. ചീഫ് മാനേജർ (എച്ച്.ആർ.) അക്ബർ. വി.കെ. ഭദ്രദീപം കൊളുത്തി ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു മുഖ്യ പ്രഭാഷണത്തിൽ. സംസ്ഥാന ജനറൽ സെക്രട്ടറി എ. ജയകുമാർ ഓണാശംസകൾ നേർന്നതിനൊപ്പം ആനുകാലിക സംഘടനാ കാര്യങ്ങളെക്കുറിച്ച് വിശദമായി സംസാരിക്കുകയും ചെയ്തു.



സംസ്ഥാന ജനറൽ സെക്രട്ടറി എ. ജയകുമാർ
**അംഗങ്ങളെ അഭിസംബോധന ചെയ്യുന്നു.**

വൈസ് പ്രസിഡന്റ് ശ്രീ.ബി.സി. ഉണ്ണികൃഷ്ണൻ നായർ തന്റെ പ്രസംഗത്തിൽ പെൻഷനർസിന്റെ വലിയ പങ്കാളിത്തത്തിലും , ഭംഗിയായും ചിട്ടയോടെയും സംഘടിപ്പിച്ച ഓണാഘോഷ ത്തിന് നേതൃത്വം നൽകിയ ജില്ലാ സമതിയെ പ്രശംസിച്ചു സംസാരിച്ചു. ഡി.ജി.എസ്. .ഹെൻറി ജോൺ ഓണ സന്ദേശം നൽകി. ഡി.ജി.എസ് (എസ്.ബി.ഐ.ഒ.എ.) അനിൽ. ഡി.,ഡി.ജി.എസ് (എസ്.ബി.എസ്.യു) വിനോദ് ഫിലിപ്പ്, സ്റ്റേറ്റ് കമ്മറ്റി മെമ്പർ റൈസാ ബീഗം, മാത്യൂ അടയ്ക്കാമുണ്ടക്കൽ,. എം.ജി. രാഘവൻ തുടങ്ങിയവർ ആശംസകൾ നേർന്നു സംസാരിച്ചു.



വാദ്യമേളങ്ങളുടെ അകമ്പടിയോടെ മാവേലി എഴുന്നള്ളുന്നു.

വാദ്യമേളത്തോടെയുള്ള മഹാബലിയുടെ വരവേല്പ്, പി.സി. പീറ്റർ, . ഉണ്ണികൃഷ്ണൻ.ബി., സേതു പി.എസ്., പ്രേമ.എസ്. അയ്യർ, റൈസാബീഗം, . എൽസിക്കുട്ടി, എന്നിവർ നയിച്ച സംഘഗാനം, യുഗ്മഗാനം, ബാലചന്ദ്ര പണിക്കരുടെ ഗാനാലാപനം, ആച്ചിയമ്മ അവതരിപ്പിച്ച കുസൃതി ചോദ്യങ്ങൾ, അജിതാ റാണിയുടെ നർമ്മത്തിൽ ചാലിച്ച ചെറുകഥാ പാരായണം തുടങ്ങിയവ ആഘോഷങ്ങൾക്ക് മിഴിവേകി.. എ.ജി.എസ്. കെ.പി.രാജ ശേഖരൻ കൃതജ്ഞത പ്രകാശിപ്പിച്ചു. തുടർന്ന് വിഭവ സമൃദ്ധമായ ഓണസദ്യയോടെ കുടുംബ സംഗമം സമംഗളം സമാപിച്ചു.



മാവേലിയുടെ എഴുന്നള്ളത്ത് ഭാവസമ്പൂർണ്ണമാക്കിയ പ്രസന്നകുമാറിനെ സംസ്ഥാന ജനറൽ സെക്രട്ടറി എ. ജയകുമാറും വൈസ് പ്രസിഡന്റ് ബി.സി. ഉണ്ണി കൃഷ്ണൻ നായരും ചേർന്ന് പൊന്നാട അണിയിച്ച് ആദരിക്കുന്നു.



പി.സി. പീറ്റർ, . ഉണ്ണികൃഷ്ണൻ.ബി., സേതു പി.എസ്., പ്രേമ. എസ്. അയ്യർ, റൈസാബീഗം, . എൽസിക്കുട്ടി, എന്നിവർ നയിച്ച സംഘഗാനം




ഉണ്ണികൃഷ്ണൻ..ബി അവതരിപ്പിച്ച
ഗതകാലസ്മരണകളുണർത്തിയ ഓണപ്പാട്ട്



വിഭവസമൃദ്ധമായ ഓണസ്സദ്യ

# ഇടുക്കി ജില്ലാ കേന്ദ്രത്തിന്റെ കുടുംബ സംഗമവും ജില്ലാ ഓഫീസ് ഉദ്ഘാടനവും

ഇടുക്കി ജില്ലാ കേന്ദ്രത്തിന്റെ കുടുംബ സംഗമവും ജില്ലാ ഓഫീസ് ഉദ്ഘാടനവും 2022 സെപ്റ്റംബർ 24 ശനി , രാവിലെ 10.00 മുതൽ വെങ്ങല്ലൂർ മങ്ങാട്ടുകവല തൊടുപുഴ കാഡ്സ് ഓഡിറ്റോറിയത്തിൽ വച്ച് ഓണാഘോഷത്തോടെ നടന്നു.



തൊടുപുഴയിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ പെൻഷനേഴ്സ് അസോസിയേഷൻ ജില്ലാ സെൻററിന്റെ ഓഫീസ് ഉദ്ഘാടനവും കുടുംബ സംഗമവും

യോഗത്തിൽ ജില്ലാ പ്രസിഡന്റ് റ്റി.ജി.പ്രഭാകരൻ അധ്യക്ഷത വഹിച്ചു. സംസ്ഥാന പ്രസിഡന്റ് കെ.രാജീവൻ സമ്മേളനം ഉദ്ഘാടനം ചെയ്തു. ജനറൽ സെക്രട്ടറി എ.ജയകുമാർ മുഖ്യ പ്രഭാഷണവും ജില്ലാ സെന്റർ ഓഫീസിന്റെ താക്കോൽ ദാന കർമ്മവും നിർവഹിച്ചു. എറണാകുളം ഡി.ജി.എസ്. ജോസഫ് പാലയ്ക്കൽ ഓണസന്ദേശം നല്കി. ആർ.ബി.ഒ. റീജിയണൽ മാനേജർ ജെന്നിഫർ പെഡ്രേഷ്യ വിശിഷ്ടാതിഥിയായി പങ്കെടുത്തു അംഗങ്ങളെ അഭിസംബോധന ചെയ്തു. വിവിധ കലാപരിപാടികൾക്ക് ശേഷം വിഭവസമൃദ്ധമായ ഓണസദ്യയോടെയാണ് യോഗം അവസാനിച്ചത്.

# മുവാറ്റുപുഴ,പിറവം മേഖലാ സമ്മേളനം വാഴക്കുളത്ത്



സദസ്സിന്റെ ഒരു വീക്ഷണം

എസ്ബിഐ പെൻഷനേഴ്സ് അസോസിയേഷന്റെ എറണാകുളം ജില്ലാ കേന്ദ്രത്തിലെ മുവാറ്റുപുഴ/ പിറവം മേഖലാ സമ്മേളനം 2022 സെപ്റ്റമ്പർ മാസം 6–ാംതിയതി രാവിലെ 10.30 മണി മുതൽ വാഴക്കുളം ലയൺസ് ക്ലബ്ബ് ഹാളിൽ വച്ച് ടെസ്സി ജോണിന്റെ ഈശ്വര പ്രാർത്ഥനയോടെ ആരംഭിച്ചു. ഏരിയാ കൺവീനർ ജോയി കെ. മാത്യു അദ്ധ്യക്ഷത വഹിച്ചു. റീജിയണൽ മാനേജർ കിരൺ.വി.ജെ. ഏരിയാ സമ്മേളനം ഉദ്ഘാടനം ചെയ്തു. ജോയിന്റ് കൺവീനർ ടോമി തോമസ് സ്വാഗതം ആശംസിച്ചു. ഏരിയ/ ജില്ലാ ജോയിന്റ് കൺവീനർ ആന്റണി. പി.മാത്യ റിപ്പോർട്ട് അവതരിപ്പിച്ചു. എറണാകുളം ഡി.ജി.എസ്. ജോസഫ് പാലക്കൽ മുഖ്യ പ്രഭാഷണം നടത്തി. ആശംസകൾ നേർന്ന് മാനേജർ (എച്ച്.ആർ) ഷമീർ, ജില്ലാ പ്രസിഡന്റ്, റ്റി.ഒ.ജോൺ, ജില്ലാ സെക്രട്ടറി സി.ജി.രാജഗോപാൽ, സ്വാഗതസംഘം കൺവീനർ അനിൽ.റ്റി.പി. എന്നിവർ സംസാരിച്ചു.

റീജിയണൽ മാനേജർ കിരൺ.വി.ജെ. 75 വയസ്സ് കഴിഞ്ഞ മുതിർന്ന അംഗങ്ങളെ പൊന്നാട അംിയിച്ച് ആദരിച്ചു. ഷാജു തോമസ് യോഗ ചടങ്ങുകൾ നിയന്ത്രിച്ചു. എക്സിക്യൂട്ടിവ് അംഗം ജെ.സി. പോൾ കൃതഞ്ജത പ്രകാശിപ്പിച്ചു. ഓണസദ്യയ്ക്ക് ശേഷം സമ്മേളനം സമാപിച്ചു.

## തൊടുപുഴ ടൗൺ ശാഖയുടെ ഓണാഘോഷം 2022.



മാവേലിയുടെ വേഷം അണിഞ്ഞ് നിൽക്കുന്നത് എസ്ബിഐ പെൻഷനേഴ്സ് അസോസിയേഷന്റെ (ഇടുക്കി ജില്ലയിലെ) ലൈഫ് മെമ്പർ പി.എൻ.ശശി

## എറണാകുളം അഡ്മിനിസ്ട്രേറ്റീവ് ഓഫീസിലെ ഓണാഘോഷം



എസ്ബിഐ പെൻഷനേഴ്സ് അസോസിയേഷന്റെ എറണാകുളം ഡി.ജി.എസ്. ജോസഫ് പാലക്കൽ 5.9.22ന് എറണാകുളം അഡ്മിനിസ്ട്രേറ്റീവ് ഓഫീസിലെ ഓണാഘോഷങ്ങളിൽ പങ്കെടുത്ത് ഓണസന്ദേശം നല്കിയപ്പോൾ .

## തൃശ്ശൂർ ജില്ലാ കൺവെൻഷൻ

സമ്മേളനം സംസ്ഥാന പ്രസിഡന്റ് കെ.രാജീവൻ ഉദ്ഘാടനം ചെയ്തു.



സംസ്ഥാന പ്രസിഡന്റ് കെ.രാജീവൻ തൃശ്ശൂർ ജില്ലാ സമ്മേളനത്തിൽ പങ്കെടുത്ത് സംസാരിക്കുന്നു.

ജില്ലാ പ്രസിഡന്റ് മുരളീധരൻ പി.നായർ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. ജില്ലാ സെക്രട്ടറി കെ.രവീന്ദ്രൻ, വി.കരുണാകരൻ, ജോസ് തെറ്റയിൽ, സി.ജെ.ജാക്സൺ, ഡി.ജി.എസ്., രാധാകൃഷ്ണൻ പുല്ലഞ്ചേരി, പി.പി.മുരളീധരൻ എന്നിവർ പ്രസംഗിച്ചു. ആരോഗ്യ പ്രവർത്തകരായ സ്റ്റെഫിൻ ജോർജ്ജ്, ആരതി നായർ എന്നിവരെ എസ്.ബി.ഐ.മെഡിക്കൽ ഓഫീസർ ഡോ.ബെല്ലി മാത്യു ചടങ്ങിൽ ആദരിച്ചു. ഉഭയകക്ഷി കരാർ തീരുമാനങ്ങൾ എസ്.ബി.ഐ. മാനേജ്മെന്റ് നടപ്പാക്കണമെന്ന് യോഗം പ്രമേയം പാസ്സാക്കി.

# 01.09.2022 ന് പാലക്കാട് സെന്ററിൽ നടന്ന ത്രൈമാസ യോഗം.

എസ്ബിഐ പെൻഷനേഴ്സ് അസോസിയേഷൻ കേരള, പാലക്കാട് ജില്ലാ കേന്ദ്രം പാലക്കാട് സെന്ററിൽ നടന്ന ത്രൈമാസ യോഗം 10.30 ന് വി എസ് വിശാലാക്ഷിയുടെ പ്രാർത്ഥനയോടെ ആരംഭിച്ചു. എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം കെ എൻ ഹർഷൻ സ്വാഗതം പറഞ്ഞു. പാലക്കാടും പരിസരത്തുമുള്ള വിവിധ സ്ഥലങ്ങളിൽ നിന്നായി 180 അംഗങ്ങൾ യോഗത്തിൽ പങ്കെടുത്തു.

സി എം ഉണ്ണികൃഷ്ണൻ, എം ഗോപാലൻ നായർ, എ പി കുഞ്ഞുണ്ണി, എം വാസുദേവൻ നമ്പൂതിരി, നാരായണ മൂർത്തി, എന്നീ അന്തരിച്ച അംഗങ്ങൾക്ക് യോഗം ആദരാഞ്ജലികൾ അർപ്പിച്ചു. യോഗത്തിൽ ജില്ലാ പ്രസിഡന്റ് പി പി ശ്രീനിവാസൻ അധ്യക്ഷത വഹിച്ചു. പാലക്കാട് ജില്ലാ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ അടുത്ത വർഷം നടത്താനിരിക്കുന്ന വാർഷിക പൊതുയോഗത്തിനായി ചർച്ചകളും അതനുസരിച്ചുള്ള തീരുമാനങ്ങളും എടുത്തു. 2023 മെയ് മാസത്തിൽ പാലക്കാട് പ്രസന്ന ലക്ഷ്മി ഓഡിറ്റോറിയം പൊതുയോഗത്തിനായി ബുക്ക് ചെയ്യുന്നതിനായി ഇതിനകം 20000 രൂപ അഡ്വാൻസ് നൽകിയിട്ടുണ്ട്. തുടർന്ന് നടത്തിയ പ്രാരംഭ ക്രമീകരണങ്ങളെക്കുറിച്ചുള്ള വിശദാംശങ്ങളും ജില്ലാ പ്രസിഡന്റ് വിശദീകരിച്ചു.

എസ്ബിഐപിഎ കേരള ജനറൽ സെക്രട്ടറി എ.ജയകുമാർ ഉൾപ്പെടെയുള്ള പ്രമുഖർക്കൊപ്പം എസ്ബിഐപിഎ കേരള സംസ്ഥാന പ്രസിഡന്റ് കെ രാജീവൻ പരമ്പരാഗത ദീപം തെളിച്ചുകൊണ്ട് യോഗം ഉദ്ഘാടനം ചെയ്തു. ഉദ്ഘാടന പ്രസംഗത്തിൽ അദ്ദേഹം ബൈപാർട്ടി സെറ്റിൽമെന്റ്, എസ്ബിഐ പെൻഷനിലെ 40%/50% അടിസ്ഥാന ശമ്പള പരിധി, സുപ്രീം കോടതിയിൽ നിലവിലുള്ള കേസ്, 2002ന് മുമ്പുള്ള പെൻഷൻകാരുടെ പ്രശ്നം തുടങ്ങിയവയെക്കുറിച്ച് ചർച്ച ചെയ്യുകയും പെൻഷനേഴ്സ് അസോസിയേഷന്റെ വിജയകരമായ നടത്തിപ്പിന് പരമാവധി സഹകരണം നൽകണമെന്ന് അംഗങ്ങളോട് അഭ്യർത്ഥിക്കുകയും ചെയ്തു. കേരള വാർഷിക പൊതുയോഗം 13.05.2023 ന് പാലക്കാട്ട് പ്രസന്ന ലക്ഷ്മി ഓഡിറ്റോറിയത്തിൽ വച്ച് നടത്തുന്നതിന് തീരുമാനിച്ചു.

2020,2021,2022 കാലയളവിൽ 75 വയസ്സ് / 85വയസ്സ് പൂർത്തിയാക്കിയ വി വി മേനോൻ, എ എൽ ഈശ്വരൻ, എ പി ഉണ്ണികൃഷ്ണൻ കെ വിജയകുമാർ, എം വിജയൻ, പി വിജയൻ, എം ഉണ്ണികൃഷ്ണൻ, ടി എൽ ഈശ്വരൻ, ടി എൻ പരമേശ്വരൻ നായർ, കെ രാമകൃഷ്ണൻ, എസ്. കുഞ്ഞഹ മ്മ ദ്, കുമാരൻ മങ്കര, ബാലകൃഷ്ണൻ ഒറ്റപ്പാലം, സ്വാമിനാ ഥൻ . എൻ. എന്നീ അംഗങ്ങളെ യോഗത്തിൽ പ്രസിഡന്റും ജനറൽ സെക്രട്ടറിയും പൊന്നാട അണിയിച്ച് ആദരിച്ചു. പെൻഷനേഴ്സ് അസോസിയേഷൻ കേരള ജനറൽ സെക്രട്ടറി ജയകുമാറിന്റെ മുഖ്യ പ്രസംഗത്തിൽ ഫാമിലി പെൻഷൻ 30% പരിഷ്ക്കരിക്കുന്നതിനെ സ്വാഗതം ചെയ്തു, എൻപിഎസ് റദ്ദാക്കണമെന്നും പെൻഷൻ പരിഷ്ക്കരണത്തിലെ അമിതമായ കാലതാമസം, പൊതുമേഖലാ ബാങ്കുകളുടെ സ്വകാര്യവൽക്കരണം എന്നിവ റദ്ദാക്കണമെന്നും ആവശ്യപ്പെട്ടു.

തൃശ്ശൂർ അഡ്മിനിസ്ട്രേറ്റീവ് ഏരിയയിലെ പുതുതായി തിരഞ്ഞെടുക്കപ്പെട്ട ഡെപ്യൂട്ടി ജനറൽ സെക്രട്ടറി രാധാകൃഷ്ണൻ പുല്ലഞ്ചേരി, 26-08-22ന് തൃശ്ശൂരിലെ

അഡ്മിനിസ്ട്രേറ്റീവ് ഓഫീസിൽ നടന്ന ഘടനാപരമായ യോഗത്തെക്കുറിച്ചുള്ള വിവരങ്ങൾ പങ്ക് വച്ചു. ഡിസ്പെൻസറിയിൽ നിന്നുള്ള മരുന്നുകളുടെ വിതരണത്തിന്റെ ഇന്നത്തെ അവസ്ഥയും സംഭവവികാസങ്ങളും അറിയിച്ചു.

ജില്ലാ പ്രസിഡണ്ട് പി പി ശ്രീനിവാസൻ, പുതുതായി തിരഞ്ഞെടുക്കപ്പെട്ട ജില്ലാ സെക്രട്ടറി എസ്. ബാലകൃഷ്ണനെ സ്വാഗതം ചെയ്യുകയും അംഗങ്ങളോട് പുതിയ ജില്ലാ സെക്രട്ടറിയ്ക്ക് സഹകരണം അഭ്യർത്ഥിക്കുകയും ചെയ്തു. അംഗങ്ങൾ ഇത് ഏകകണ്ഠമായി അംഗീകരിച്ചു. കഴിഞ്ഞ ജനറൽ ബോഡി മുതൽ 31-08-22 വരെയുള്ള കാലയളവിലെ റിപ്പോർട്ട് ജില്ലാ സെക്രട്ടറി ബാലകൃഷ്ണൻ എസ് അവതരിപ്പിച്ചു. കഴിഞ്ഞ ജനറൽ ബോഡി മുതൽ 31-08-22 വരെയുള്ള കാലയളവിലെ വരവ് ചെലവ് കണക്ക് ജില്ലാ ട്രഷറർ കെ ശിവദാസൻ അവതരിപ്പിക്കുകയും സഭ ഐകകണ്ഠ്യേന അംഗീകരിക്കുകയും ചെയ്തു.

എക്സിക്യൂട്ടീവ് അംഗം ആർ വിശ്വനാഥൻ, കുടുംബക്ഷേമ ഫണ്ട് വിനിയോഗവും നിലവിലെ അവസ്ഥയും വിശദമായി അവതരിപ്പിച്ചു, ഫണ്ടിലേക്ക് കൂടുതൽ തുക സംഭാവന ചെയ്യാൻ അംഗങ്ങളോട് അഭ്യർത്ഥിച്ചു. യോഗത്തിൽ പങ്കെടുത്ത എല്ലാവർക്കും ജോയിന്റ് സെക്രട്ടറി രാമകൃഷ്ണൻ കുട്ടിനാഥ് നന്ദി പറഞ്ഞു. എല്ലാ അംഗങ്ങൾ ക്കും ഓണാശംസകൾ നേർന്നു. ഉച്ചയ്ക്ക് 1.30 ന് രുചികരമായ ഓണസദ്യയ്ക്ക് ശേഷം സമ്മേളനം സമാപിച്ചു.



ജനറൽ സെക്രട്ടറി, ജയകുമാർ എ ആശംസകൾ അർപ്പിച്ച് സംസാരിക്കുന്നു

തൃക്കാക്കര ഓണാഘോഷത്തിൽ മാവേലി മത്സരത്തിൽ രണ്ടാം സമ്മാനം നേടിയ പി.ജി.വിജയൻ മാവേലിയായി സദസ്സിനെ വിസ്മയിപ്പിച്ചു. തുടർന്ന് വൈവിദ്യങ്ങളേറെ പ്രകടിപ്പിച്ച കലാ വിരുന്നായിരുന്നു.

## എറണാകുളം

## ജില്ലാ കേന്ദ്രത്തിന്റെ

## ഓണാഘോഷവും കുടുംബസംഗമവും

എറണാകുളം ജില്ലാ കേന്ദ്രത്തിന്റെ കുടുംബസംഗമവും ഓണാഘോഷവും 2022 സെപ്റ്റംബർ 23 ന് രാവിലെ 10 ന് എറണാകുളം ടൗൺഹാളിൽ വച്ച് ആർഭാട പൂർവം നടന്നു. ജില്ലാ സെക്രട്ടറി രാജഗോപാൽ സി.ജി. സ്വാഗതം പറഞ്ഞു.



സെക്രട്ടറി രാജഗോപാൽ സി.ജി.

എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ സംസ്ഥാന പ്രസിഡന്റ്, രാജീവൻ കെ സമ്മേളനം ഉദ്ഘാടനം ചെയ്തു. എറണാകുളം ജില്ലാ പ്രസിഡന്റ് ജോൺ ടി.ഒ. അദ്ധ്യക്ഷത വഹിച്ചു.



മാവേലിയെഴുന്നള്ളും സമയമായീ...




ഉത്രാടപ്പൂനിലാവേ വാ..... റ്റി.വി.രാജാമണി നയിച്ച സംഘഗാനം



പാലാപ്പള്ളിയുടെ നൃത്തരംഗം




തൃക്കാക്കര ഓണാഘോഷത്തിൽ മാവേലി മത്സരത്തിൽ രണ്ടാം സമ്മാനം നേടിയ പി.ജി.വിജയൻ മാവേലിക്ക് ആദരം അർപ്പിച്ച് ഡി.ജി.എസ്.ജോസഫ് പാലക്കൽ



ശ്രീരാഗമോ തേടുന്നു നീ...... വീണതൻ പൊൻ തന്തിയിൽ....... റ്റി.വി.രാജാമണിയുടെ ഹൃദയം തൊട്ട ഗാനം



മഞ്ഞലയിൽ മുങ്ങിത്തോർത്തി........ മധുമാസച്ചന്ദ്രിക വന്നൂ... ഗൃഹാതുരത്വമുണർത്തിയ ഭാവഗാനത്തോടെ സംസ്ഥാന പ്രസിഡന്റ്, രാജീവൻ കെ



പിച്ചിപ്പൂ കൊണ്ടെത്തരാമെ......തിത്താരാ തിമൃതൈ.... നാടോടി നൃത്തം



ആസ്മാൻ സെ ആയി പരിസ്കാർ........ കണ്ണനുണ്ണി



വെറ്ററൻ ആന്റണി ഡി'കൂട്ടയുടെ വേറിട്ട മാസ്മരിക പ്രകടനം



താരകരൂപിണീ... നീയെന്നുമെന്നുടെ...`ഭാവനാ രോമാഞ്ചമായിരിക്കും...
ഭൂതകാല സ്മരണകളുണർത്തി ശശിധരൻ.വി. എം.



കുടജദ്രിയിൽ കുടികൊള്ളും മഹേശ്വരി.... .........
നാരായണൻകുട്ടി




ലഘു നാടകം "...ന്നാങ്ങളു ഓണമുണ്ണാൻ വാ"
.....




ദിൽ തടപ്പ് തടപ്പ് കഹ് രഹാ ഹെ ............... മോഹൻ മേനോൻ....ലതാ വെങ്കിടാചലം ചേർന്നൊരുക്കിയ യുഗ്മഗാനം



നാഥാ നീ വരും കാലൊച്ച കേൾക്കുവാൻ......



എക് ദിൻ ബിക് ജായേഗാ.... പി.പി.രാജു



സംസ്ഥാന വനിതാ ഭരണ സമിതിയംഗം റൈസാ ബീഗം ആശംസകൾ അർപ്പിച്ച് സംസാരിച്ചു.



ജില്ലാ വൈസ് പ്രസിഡന്റ് പി.പി.ഫ്രാൻസീസ് കൃതഞ്ജത പ്രകാശിപ്പിച്ചു.

# എറണാകുളം ഓഫീസ് ഉദ്ഘാടനം

എസ്ബിഐ, എറണാകുളം എഡിയിൽ എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ സബ് ഓഫീസ് ഉദ്ഘാടനം 2022 സെപ്റ്റംബർ മാസം 23–ാം തിയതി വെള്ളിയാഴ്ച്ച എറണാകുളം ബ്രാഞ്ച് പരിസരത്ത് വച്ച് ലളിതവും ഹൃദയാവർജകവുമായ ചടങ്ങിൽ വച്ച് നടന്നു. ജില്ലാ ട്രഷറർ ടി.വി രാജാമണിയുടെ പ്രാർത്ഥനയോടെ ചടങ്ങ് ആരംഭിച്ചു. ശാലിനി എൽ.എസ് സ്വാഗത പ്രസംഗം നടത്തി. എസ്ബിഐപിഎ കേരള പ്രസിഡന്റ്, രാജീവൻ കെ അദ്ധ്യക്ഷത വഹിച്ചു.



ഡെപ്യൂട്ടി ജനറൽ മാനേജർ ആനന്ദ് മോക്തൻ ഭദ്ര ദീപം തെളിയിച്ച് സമ്മേളനം ഉദ്ഘാടനം ചെയ്യുന്നു

ഡെപ്യൂട്ടി ജനറൽ മാനേജർ ആനന്ദ് മോക്തൻ ഭദ്ര ദീപം തെളിയിച്ച് സമ്മേളനം ഉദ്ഘാടനം ചെയ്തു. അതിനു ശേഷം പെൻഷനേഴ്സ് അസോസ്സിയേഷന്റെ സബ് ഓഫീസ് നാട മുറിച്ച് തുറന്നു കൊടുത്തു.



നാട മുറിച്ച് സബ് ഓഫീസ് തുറന്നു കൊടുക്കുന്നു.



ഡെപ്യൂട്ടി ജനറൽ മാനേജർ ആനന്ദ് മോക്തൻ ഉദ്ഘാടന പ്രസംഗം നടത്തുന്നു. ഡെപ്യൂട്ടി ജനറൽ സെക്രട്ടറി ജോസഫ് പാലക്കൻ സമീപം

പെൻഷനേഴ്സ് അസോസ്സിയേഷന്റെ ജനറൽ സെക്രട്ടറി, ജയകുമാർ എ, ഡെപ്യൂട്ടി ജനറൽ സെക്രട്ടറി, എസ്ബിഐഒഎ (കെസി)വിനു മോഹൻ, , സുമേഷ് ജി, ഡെപ്യൂട്ടി ജനറൽ സെക്രട്ടറി, , എസ്ബിഎസ്. യു (KC), പെൻഷനേഴ്സ് അസോസ്സിയേഷന്റെ എറണാകുളം ജില്ലാ പ്രസിഡന്റ് ജോൺ ടി.ഒ. , ജില്ലാ സെക്രട്ടറി രാജഗോപാൽ CG, എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. ഡെപ്യൂട്ടി ജനറൽ സെക്രട്ടറി ജോസഫ് പാലക്കൻ കൃതഞ്ജത പ്രകാശിപ്പിച്ചു. അസോസ്സിയേഷന്റെ ഒരു ചിരകാല അഭിലാഷം സാക്ഷാത്കരിച്ചതായി എടുത്തു പറയുകയും അതിന് സഹായിച്ച ഡി.ജി.എം. സി.എം. എച്ച്.ആർ തുടങ്ങി എല്ലാവർക്കും ഹൃദ്യമായി നന്ദി പ്രകാശിപ്പിക്കുകയും ചെയ്തു.

## കോട്ടയം ജില്ലാ എസ്.ബി.ഐ. റിട്ടയേർഡ് എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ കെ.1215ന്റെ ഭരണ സമിതി യോഗം

.

കോട്ടയം ജില്ലാ എസ്.ബി.ഐ. റിട്ടയേർഡ് എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ കെ.1215ന്റെ

സെപ്റ്റംബർ മാസത്തിലെ ഭരണ സമിതി യോഗം 2022 സെപ്റ്റംബർ മാസം 2-ാം തിയതി വെള്ളിയാഴ്ച്ച പെൻഷനേഴ്സ് അസോസ്സിയേഷന്റെ കോട്ടയം ഏരിയാ ഓഫീസിൽ താഴെ കൊടുത്തിരിക്കുന്ന ബോർഡ് മെംബേഴ്സ് പങ്കെടുത്തു.

1. ശ്രീ.പി.എം. ജേക്കബ്ബ്
2. മാത്യു അടയ്ക്കാമുണ്ടയ്ക്കൽ
3. എം.ജി.രാഘവൻ
4. വി.കെ.പ്രഭാകരൻ
5. പി.ഉണ്ണിക്കുഞ്ഞ്
6. കെ.എൻ.വിശ്വനാഥൻ നായർ
7. എൻ.സി.മാത്യു

08. ശ്രീമതി.ആച്ചിയമ്മ എബ്രഹാം

ഭരണസമിതി അംഗം ശ്രീമതി.ആച്ചിയമ്മ എബ്രഹാം സ്വാഗതം ആശംസിച്ചു. അദ്ധ്യക്ഷൻ തന്റെ ഉപക്രമ പ്രസംഗത്തിൽ സംഘത്തിൽ 2021-22കാലഘട്ടത്തിന്റെ ഓഡിറ്റ്, സംഘത്തിന്റെ വളർച്ച, ലാഭ വിഹിതം വിതരണം ചെയ്യാൻ കഴിഞ്ഞത് തുടങ്ങിയ പ്രവർത്തനങ്ങൾ എടുത്തു പറഞ്ഞു. സംഘത്തിന്റെ വളർച്ചക്കാവശ്യമായ പുതിയ പരിപാടികൾ ആവിഷ്ക രിച്ച് നടപ്പാക്കണമെന്ന് നിർദ്ദേശിച്ചു. അതിനായി പുതി യ ജി.ഡി.സി.എസ്, വായ്പ്പകൾ എന്നിവ തുടങ്ങുന്നത് ആലോചിക്കണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു. കഴിഞ്ഞ മാസത്തിലെ ഭരണ സമിതി യോഗത്തിന്റെ മിനിട്സ് സെക്ര ട്ടറി മാത്യു അടയ്ക്കമുണ്ടയ്ക്കൽ യോഗത്തിൽ അവതരി പ്പിച്ചു. അസിസ്റ്റന്റ് സെക്രട്ടറി ചുമതലയിലുള്ള നിഷാ ബി. നായർ മാസാന്ത്യ കണക്കുകൾ അവതരിപ്പിച്ചു. ചർച്ചകൾ ക്കും വിശദീകരണങ്ങൾക്കുമൊടുവിൽ റിപ്പോർട്ടും കണക്കും യോഗം അംഗീകരിച്ചു.

## ജി.ഡി.സി.എസ് കുറികളുടെ നറുക്കെടുപ്പ്

സൊസൈറ്റിയുടെ ജി.ഡി.സി.എസ് കുറികളുടെ 2022 സെപ്റ്റംബർ മാസത്തിലെ നറുക്കെടുപ്പ് 2-ാം തീയതി വെള്ളിയാഴ്ച്ച നടന്നു. ജി.ഡി.സി.എസ്. നറുക്കെടുപ്പിൽ വിജയികളായവരുടെ പേരുവിവരം സെക്രട്ടറി മാത്യു അടയ്ക്കമുണ്ടയ്ക്കൽ യോഗത്തെ അറിയിച്ചു. നറുക്കെടു പ്പിൽ താഴെപ്പറയുന്നവർ ജേതാക്കളായി.

| ക്ര. നം. | ജി.ഡി. സി.എ സ്. നം. | സല (രൂപ) | യൂണിറ്റ് ക്ര.നം. | പേര് |
|---|---|---|---|---|
| 1 | VIII | 100,000 | 197 | ജോർജ്ജ് ജോൺ |
| 2 | IX | 25000 | 206 | ബേബി തോമസ് |
| 3 | X | 100,000 | 228 | കൊച്ചുറാണി മാത്യു |
| 4 | XI | 100,000 | 265 | എ.വി.ജോസഫ് |
| 5 | XII | 100,000 | 292 | പ്രഭാകരൻ.വി.കെ |
| 6 | XIII | 100,000 | 324 | ജോസ് മാത്യു |
| 7 | XIV | 100,000 | 324 | ജോസ് മാത്യു |
| 8 | XV | 100,000 | 324 | കോട്ടയം ജില്ലാ എസ്.ബി.ഐ. റിട്ടയേർഡ് എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ കെ.1215 |

നറുക്ക് വീണതിൻ പ്രകാരമുള്ള തുക ഒക്ടോബർ മാസം 14-ാം തിയതി കൊടുക്കുവാൻ തീരുമാനിച്ചു. ഭരണ സമിതി യോഗവും അന്നേ ദിവസം നടത്തുവാൻ തീരുമാനിച്ചു. ക്ലെയിം ഫോം സംഘത്തിൽ നിന്നും അയച്ചു തരുന്നതായിരിക്കും. അത് പൂരിപ്പിച്ച് ഒപ്പിട്ട് തിരിച്ചയച്ചു തരുക.

## പുതിയ അംഗങ്ങൾ

### എ ക്ലാസ്

"എ" ക്ലാസ്സ് അംഗത്വത്തിനുള്ള അപേക്ഷ പരിഗണിച്ചതിൽ താഴെ കൊടുത്തിട്ടുള്ള "എ" ക്ലാസ്സ് അംഗത്വം നല്കുന്നതിന് തീരുമാനമായി.

പുതിയ അംഗം :-

1. എസ്.എം.റഫീഖ്, ചങ്ങനാശ്ശേരി

### സി ക്ലാസ്സ്

കൂടാതെ ഇനിപ്പറയുന്ന 'സി' ക്ലാസ്സ് അംഗത്വവും അനുവദിച്ചു.

1. ശ്രീമതി. കൊച്ചുപാറേട്ട്, ചാന്ദാനിക്കാട്

### കൂടുതൽ ഓഹരികൾക്കുള്ള അപേക്ഷകൾ

എ ക്ലാസ്സ് അംഗമായ എം.ജി.രാഘവൻ സമർപ്പിച്ച അപേക്ഷ പരിഗണിച്ച് അപേക്ഷിച്ച ഓഹരികൾ അനുവദിച്ച് തീരുമാനമായി.

### പൊതുയോഗം

സംഘത്തിന്റെ ഓഡിറ്റ് റിപ്പോർട്ട് ലഭിച്ചുവെന്നും 'എ' ക്ലാസ്സ് ഗ്രേഡിങ്ങാണുള്ളതെന്നും താമസിയാതെ പൊതുയോഗം ചേരണമെന്നും സെക്രട്ടറി നിർദ്ദേശിച്ചു. ചർച്ചകൾക്കൊടുവിൽ സെപ്റ്റംബർ 17-ാം തിയതി ശനിയാഴ്ച്ച യോഗം ചേരുവാൻ നിശ്ചയിച്ചു.

## 15-ാമത്തെ 1,00,000 രൂപയുടെ ജി.ഡി.സി.എസ് കുറി ആരംഭിച്ചു

15-ാമത്തെ 1,00,000 രൂപായുടെ ജി.ഡി.സി.എസ് കുറി ആരംഭിക്കുന്ന വിവരം സന്തോഷപൂർവം അറിയിക്കുന്നു. ചേർന്നിട്ടുള്ളവരുടെ അക്കൗണ്ടിൽ നിന്നും സെപ്റ്റംബർ മാസം 28–ാം തിയതി മുതൽ 40 മാസം 2500 രൂപാ വീതം സ്റ്റാന്റിംഗ് ഇൻസ്ട്രക്ഷൻ പ്രകാരം പിടിച്ചു തുടങ്ങുന്നതാണ്. ചേർന്നവരുടെ ആദ്യത്തെ തവണയായ 2500 രൂപ 28- 09-2022ന് കുറവ് വരുമെന്ന് അറിയിക്കുന്നു . SI സെറ്റ് ചെയ്തതിന്റെ മെസ്സേജ് ഇതിനകം വന്നു കാണും.



ശ്രീമതി.ത്രേസ്യാമ്മ ആന്റണി

ഓഫീസ് സെക്രട്ടറി ശ്രീമതി. ത്രേസ്യാമ്മ ആന്റണി
9446322416

## വാർഷിക പൊതുയോഗം

കോട്ടയം ജില്ലാ എസ്.ബി.ഐ. റിട്ടയേർഡ് എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ കെ.1215ന്റെ വാർഷിക പൊതുയോഗം സെപ്റ്റമ്പർ മാസം 17–ാംതിയതി ശനിയാഴ്ച്ച രാവിലെ 10 മണി മുതൽ കോട്ടയം ബേക്കർ എൽ.പി.സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് നടന്നു. സംഘം പ്രസിഡന്റ് എം.ജി.രാഘവൻ അദ്ധ്യക്ഷത വഹിച്ചു. മൗനപ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. സംസ്ഥാന ജനറൽ സെക്രട്ടറി എ. ജയകുമാർ പ്രത്യേക ക്ഷണിതാവായി യോഗത്തിൽ പങ്കെടുത്തു.

കഴിഞ്ഞ പൊതുയോഗത്തിന്റെ മിനിട്സ്, 2021-22 വാർഷിക റിപ്പോർട്ട്, ഓഡിറ്റ് ചെയ്ത വാർഷിക കണക്കുകൾ എന്നിവ ഹോണററി സെക്രട്ടറി, മാത്യു അടയ്ക്കാമുണ്ടയ്ക്കൽ അവതരിപ്പിച്ചു.




അദ്ധ്യക്ഷത വഹിച്ച് സംസാരിക്കുന്ന പ്രസിഡന്റ് എം.ജി.രാഘവൻ. ഹോണററി സെക്രട്ടറി, മാത്യു അടയ്ക്കാമുണ്ടയ്ക്കൽ, ഭരണ സമിതി അംഗങ്ങളായ വി.കെ.പ്രഭാകരൻ, റൈസാ ബീഗം എന്നിവരേയും കാണാം.




കഴിഞ്ഞ പൊതുയോഗത്തിന്റെ മിനിട്സ്, 2021-22 വാർഷിക റിപ്പോർട്ട്, ഓഡിറ്റ് ചെയ്ത വാർഷിക കണക്കുകൾ എന്നിവ **ഹോണററി സെക്രട്ടറി, മാത്യു അടയ്ക്കാമുണ്ടയ്ക്കൽ** അവതരിപ്പിക്കുന്നു. **വേദിയിൽ പ്രത്യേക ക്ഷണിതാവായി യോഗത്തിൽ പങ്കെടുത്ത സംസ്ഥാന ജനറൽ സെക്രട്ടറി എ. ജയകുമാറിനേയും ഭരണസമിതിയംഗം വി.കെ.പ്രഭാകരനേയും കാണാം.**

## ലാഭവിഹിതം

2021–22 വർഷത്തെ ലാഭവിഹിതം ഓഹരി ഒന്നിന് 25% നല്കുന്നതിന് ചർച്ചകൾക്കൊടുവിൽ തീരുമാനമായി. ബാക്കി വരുന്ന തുക സംഘത്തിന്റെ ''കെട്ടിട നിർമ്മാണ ഫണ്ടിൽ'' നിക്ഷേപിക്കാനും തീരുമാനിച്ചു. വനിതാ കമ്മറ്റിയംഗം റൈസാ ബീഗം കൃതഞ്ജത പ്രകാശിപ്പിച്ചു.



ഓഡിറ്റ് ചെയ്ത വാർഷിക കണക്കുകൾ എന്നിവ ഹോണററി സെക്രട്ടറി, മാത്യു അടയ്ക്കാമുണ്ടയ്ക്കൽ അവതരിപ്പിക്കുന്നു.

# ജീവൻ രക്ഷിച്ച് ഡോക്ടർ നിജിത



## എ ജയകുമാർ, ജനറൽ സെക്രട്ടറി

2022 സെപ്തംബർ 15 നമ്മുടെ കലവൂർ ബ്രാഞ്ചിന് മറ്റേതൊരു ദിവസത്തെയും പോലെ കടന്നു പോകുമായിരുന്നു, എന്നാൽ ഇത് പലരുടെയും ജീവിതത്തിൽ വ്യത്യസ്തവും സവിശേഷ വുമായ ഒന്നായി മാറി.

40-കളുടെ തുടക്കത്തിലുള്ള ഒരു ഉപഭോക്താവ് യോനോ രജിസ്ട്രേഷനായി ബ്രാഞ്ച് സന്ദർശിച്ചു. ജീവനക്കാരിലൊരാൾ ഉപഭോക്താവിനെ സഹായിക്കുന്നതിനിടെ ഉപഭോക്താവ് പെട്ടെന്ന് താഴെ വീണു. വീഴ്ചയിൽ തലയ്ക്ക് പരിക്കേൽക്കുകയും രക്തം ധാരാളമായി ഒഴുകുകയും ചെയ്തു. ഏതാനും മിനിറ്റുകൾ എല്ലാവരും സ്തംഭിച്ചു നിന്നു. ഡോക്ടർ നിജിത, BHMS (ബാച്ചിലർ ഇൻ ഹോമിയോപ്പതിക് മെഡിസിൻ ആൻഡ് സർജറി), സീനിയർ അസോസിയേറ്റ്, ആദ്യ ഷോക്കിൽ നിന്ന് പുറത്തു വന്ന് ഉപഭോക്താവിന് സിപിആർ {Cardio pulmonary resuscitation (CPR)} നൽകി. ഉപഭോക്താവി ന്റെ കണ്ണുകൾ തുറന്നു, പക്ഷേ അയാൾ അബോധാവസ്ഥ യിലായിരുന്നു. ഡോക്ടർ നിജിത, ഉറക്കെ വിളിച്ചു, അവനെ ആഴത്തിലുള്ള അബോധാവസ്ഥയിലേക്ക് വീഴുന്നതിൽ നിന്ന് ഉണർത്താൻ. ആദ്യം രക്തം നിർത്താൻ അവർ സ്വന്തം ദുപ്പട്ട ഉപയോഗിച്ചു, എന്നിട്ട് ഫസ്റ്റ് എയ്ഡ് ബോക്സ് ഉപയോഗിച്ചു. ഡോക്ടർ നിജിത സിപിആർ നടത്തി, രക്തസ്രാവം തടയാൻ സഹായിക്കുകയും ഉപഭോക്താവിനെ പരിചരിക്കുകയും ചെയ്തു. സ്ഥിരം ഉപഭോക്താവല്ലാത്ത തിനാൽ ജീവനക്കാർക്കും ഇയാളെ പരിചയമില്ലായിരുന്നു. അതിനാൽ, അദ്ദേഹത്തിന്റെ മൊബൈൽ അൺലോക്ക് ചെയ്യുകയും ബന്ധുക്കളെ വിവരം അറിയിക്കുകയും ചെയ്തു. തുടർന്ന് ആശുപത്രിയിലേക്ക് കൊണ്ടുപോയി. സമയോചി തമായ CPR ഉപഭോക്താവിന്റെ ജീവൻ രക്ഷിച്ചു.

യഥാർത്ഥത്തിൽ ഡോക്ടർ നിജിതയുടെ ധൈര്യവും സമയോചിതമായ പ്രവർത്തനവും സഹജീവികളോട് കാണിക്കുന്ന സഹാനുഭൂതിയും ഒരു ഡോക്ടർക്ക് ചേർന്ന ഉത്തരവാദിത്വവും പ്രശംസനീയമാണ്. അങ്ങനെ, ഒരു സാധാരണ ദിവസം ഒരസാധാരണ ദിവസമായി മാറി. കലവൂർ ശാഖ കേരളത്തിലെ ആലപ്പുഴയിലാണ് സ്ഥിതി ചെയ്യുന്നത്.

**എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ ആശംസകൾ**



**ഡോ. നിജിതയ്ക്ക് അഭിമാനത്തിന്റെ നിമിഷങ്ങൾ**

!



ദേ കൗണ്ടറിൽ മാവേലി... തലശ്ശേരി സ്റ്റേറ്റ് ബാങ്ക് പ്രധാന ശാഖയിൽ ഇടപാടുകാരെ വരവേൽക്കാൻ മാവേലി. ജീവനക്കാരനായ വിനോദ് കുമാറാണ് വേഷമണിഞ്ഞെത്തിയത്. മാവേലി കൗണ്ടറിൽ പണമിടപാട് നടത്തിയ കൗതുകക്കാഴ്ച സാമൂഹികമാധ്യമങ്ങളിലും പ്രചരിച്ചു. മാനേജർ അഭിമുത്തിന്റെ നേതൃത്വത്തിൽ ജീവനക്കാർ തന്നെയാണ് മാവേലിയെ ഒരുക്കിയത്

# എന്റെ അമേരിക്കൻ യാത്രകൾ
# ഭാഗം - 1

## ആരംഭിക്കുന്നു



മുൻ ട്രെയിനിംഗ് ഫാക്കൾട്ടി അംഗവും നമ്മുടെ
എറണാകുളം യൂണിറ്റ് അംഗവുമായ
റിട്ട. എ.ജി.എം.

**ബി.ബാലഗോപാലിന്റെ**

**എന്റെ അമേരിക്കൻ യാത്രകൾ**

**വ്യത്യസ്തതയാർന്ന യാത്രാ വിവരണം**

**ഭൗതിക വസ്തുക്കളെ എത്രമാത്രം നമ്മൾ കൊതിക്കുമെങ്കിലും അത് എന്ത് തന്നേ ആയിക്കോട്ടേ , എത്ര വിലമതിപ്പുള്ളതായാലും അത് തരുന്ന ആനന്ദം വളരെ ചുരുങ്ങിയ കാലം മാത്രമേ നിലനിൽക്കുകയുള്ളു ... എന്നാൽ നമ്മൾക്കുണ്ടാകുന്ന അനുഭവങ്ങൾ, യാത്രകളിലൂടെയും അല്ലാതെയും ഉള്ളവ , നമ്മളെ എത്രമാത്രം സ്വാധീനിച്ചു എന്നതിനനുസരിച്ചു, എക്കാലവും ഓർത്തിരിക്കും.**

**ബി.ബാലഗോപാൽ**

# എന്റെ അമേരിക്കൻ യാത്രകൾ

**ബി.ബാലഗോപാൽ**

ഒരിക്കലും ഒരു യാത്ര വിവരണം എന്നത് എന്റെ മനസ്സിൽ പോലും കടന്നു പോകാത്ത ഒരു ചിന്തയയിരുന്നു. യാത്രകൾ എന്നും എനിക്ക് ഹരമായിരുന്നെങ്കിൽ പോലും . എന്നാൽ രണ്ടാഴ്ച്ച മുൻപു അമേരിക്കൻ യാത്രയെ ക്കുറിച്ചു എഴുതണം എന്ന് എനിക്ക് ഗുരുസ്ഥാനീയനായ 'ഒയസിസ്' ചീഫ് എഡിറ്റർ എ.ഠ.ജി. രാഘവൻ സർ പറഞ്ഞപ്പോൾ, ഞാൻ എഴുത്തിനെക്കുറിച്ചുള്ള എന്റെ പരിമിതികൾ പറഞ്ഞു ഒഴിഞ്ഞു മാറാൻ നോക്കി. എന്നാൽ ഒരു വെറ്ററൻ അസോസിയേഷൻ ഭാരവാഹിയുടെ തന്മയത്വത്തോടെ ഓഗസ്റ്റ് മാസത്തെ ഒയാസിസ് കോപ്പി അദ്ദേഹം എനിക്കയച്ചു തന്നു. പ്രിയപ്പെട്ട രാജീവൻ സർ പത്രാധിപരായിട്ടുള്ള 29 പേജുള്ള പല മഹത് വ്യക്തികളുടെ സാഹിത്യ സംഭവനകളാൽ സമ്പുഷ്ടമായ ആ പ്രസിദ്ധീകരണത്തിന്റെ 26 –ാം പേജ് നോക്കിയപ്പോൾ ഞാൻ ശരിക്കും ഞെട്ടിപ്പോയി. എsâ യും ഗീതയുടെയും ചിത്രം സഹിതം അടുത്ത ലക്കം മുതൽ "ബാലഗോപാലിന്റെ വ്യത്യസ്തമായ യാത്രാ വിവരണം" എന്നൊരു അന്നൗൺസ്മെന്റ്.... എന്തെങ്കിലും ഒഴിവു കഴിവുകൾ പറഞ്ഞു ഒഴിഞ്ഞുമാറാനുള്ള എല്ലാ വഴികളും രാഘവൻ സർ ഇതിലൂടെ മുൻകൂറായി തടയുകയായിരുന്നു. അങ്ങനെ ഞാൻ എഴുതാൻ പോകുകയാണ്. തെറ്റുകൾ ക്ഷമിക്കണം ...പോരായ്മകൾ പറഞ്ഞു തരണം . ഞാൻ തുടങ്ങട്ടേ ....



ഗ്രാവല്ലി പോയിന്റിൽ ലേഖകനും ഭാര്യ ഗീതയും

1980ൽ നോർത്ത് പറവൂരിനടുത്തു ചെറായി എന്ന, പിൽക്കാലത്തു ഒരു വലിയ വിനോദ സഞ്ചാര കേന്ദ്രമായി വളർന്ന കൊച്ചു ഗ്രാമത്തിൽ ബാങ്ക് ഓഫ് കൊച്ചിൻ എന്ന ഒരു പ്രൈവറ്റ് ബാങ്കിൽ , നാടകാചാര്യൻ എൻ എൻ പിള്ളയുടെ ഭാഷയിൽ പറഞ്ഞാൽ ഒരു "അസ്തിര അധോമണ്ഡല ഗുമസ്തന്റെ തസ്തികയിൽ" 20–ാം വയസ്സിൽ ഞാൻ എന്റെ ഔദ്യോഗിക ജീവിതം ആരംഭിച്ചു. 1985 ൽ ഭാരതീയ സ്റ്റേറ്റ് ബാങ്കിൽ ലയിക്കുമ്പോളും ഞാൻ ഗുമസ്തനായി തന്നെ തുടർന്നു. പിന്നങ്ങോട്ടുള്ള മുപ്പത്തിനാലു വർഷങ്ങൾ

ഭാരതത്തിലെ ഏറ്റവും വലിയ ബാങ്കിന്റെ ഭാഗമാവനും, എന്റെ ആദ്യത്തെ ബ്രാഞ്ച് മാനേജർ സുബ്രമണ്യൻ പോറ്റി സർ തൊട്ടു അവസാനത്തെ അസ്സൈൻമെâൽ എന്റെ സിജിഎം ആയിരുന്ന വെങ്കിട്ടരാമൻ സർ വരെ എല്ലാവരുടെയും സ്നേഹാദരങ്ങളും , പ്രോത്സാഹനങ്ങളും , അതിലെല്ലാമുപരി അച്ഛനമ്മമാരുടെയും, ഗുരുഭൂതന്മാരുടെയും, സർവേശ്വര ന്റെയും അനുഗ്രഹവും മൂലം 2019 മെയ് 31–ാം തീയതി വിരമിക്കാനും സാധിച്ചത് ഞാൻ ഒരു വലിയ ഭാഗ്യമായി കരുതുന്നു .... ഒരു യാത്ര വിവരണത്തിന് എന്തിനീ ആമുഖം എന്ന് ചിന്തിക്കുന്നുണ്ടാവാം. എനിക്കെന്റെ ഈ യാത്രകളെല്ലാം സാധിച്ചത് ഭാരതീയ സ്റ്റേറ്റ് ബാങ്ക് എന്ന എന്റെ ബാങ്ക് എനിക്ക് തന്ന സംരക്ഷണവും സുരക്ഷിതത്വവുമാണ്.

നമ്മുടെ ചിലവുകൾ വസ്തുക്കൾക്ക് വേണ്ടിയല്ല പക്ഷേ അനുഭവങ്ങൾക്ക് വേണ്ടിയായിരിക്കണം എന്നത് വളരെ മുമ്പേ തന്നേ എന്നേ സ്വാധീനിച്ചിരുന്ന ഒരു ചിന്തയായിരുന്നു. വസ്തുക്കളെ നമ്മൾ എത്രമാത്രം കൊതിക്കുമെങ്കിലും അത് എന്ത് തന്നേ ആയിക്കോട്ടേ , എത്ര വിലമതിച്ചതായാലും അത് തരുന്ന ആനന്ദം വളരെ ചുരുങ്ങിയ കാലം മാത്രമേ നിലനിൽകുകയൊള്ള. എന്നാൽ നമ്മൾക്കുണ്ടാകുന്ന അനുഭവങ്ങൾ, യാത്രകളിലൂടെയും അല്ലാതെയും ഉള്ളവ, ആ അനുഭവങ്ങൾ നമ്മളെ എത്രമാത്രം സ്വാധീനിച്ചതനുസരിച്ചു , നമ്മൾ വളരെക്കാലം ഓർത്തിരിക്കും .

അമേരിക്ക എന്റെ ഒരു സ്വപ്ന ഭൂമി ആയിരുന്നു .. രണ്ടു മക്കളും ഐ.റ്റി. ഫീൽഡിൽ ആയപ്പോൾ അവർക്കു ആർക്കെങ്കിലും യു.എസ്. അസ്സൈന്മെന്റ് കിട്ടണേ എന്ന് ഞാൻ വളരെ പ്രാർത്ഥിച്ചിരുന്നു . 2015 മാർച്ച് മാസം എന്റെ മകന് ടാറ്റ കൺസൾട്ടൻസി സെർവീസിൽ നിന്ന് , അമേരിക്കയിലെ വാഷിംഗ്ടൺ ഡി.സി.യിൽ ഇâർനാഷണൽ മോനേറ്ററി ഫണ്ടിൽ (IMF) പോസ്റ്റിങ്ങ് ലഭിച്ചു




ഇന്റർനാഷണൽ മോനിറ്ററി ഫണ്ടിന്റെ
**കവാടത്തിൽ**

അന്ന് ഞാൻ ആലപ്പുഴ റീജിയണൽ മാനേജർ ആയിരുന്നു. ആലപ്പുഴ ജില്ലയിലെ അരൂർ മുതൽ പത്തനംതിട്ട ജില്ലയിലെ വെച്ചൂച്ചിറ വരെ പരന്നു കിടക്കുന്ന ഒരു വലിയ റീജിയൺ , 2012ൽ മാത്രം എജിഎം ആയ എനിക്ക് അത് ഒരു വലിയ വെല്ലുവിളിയായിരുന്നു. ഡി.ജി.എം. ശേഖർ സർ, ജി.എം. വെങ്കിടേഷ് സർ, സി.ജി.എം. ഡോ. ശ്രീനാഥ് ശാസ്ത്രി സർ, അതിലേക്കാളുപരി എന്റെ ആർ.ബി.ഒ. യിലും ബ്രാഞ്ചിലും ഉണ്ടായിരുന്ന ഞങ്ങളുടെ ഒരു നല്ല ടീം , അവരാണ് എന്റെ ഔദ്യോഗിക ജീവിതത്തിലെ ഏറ്റവും സന്തോഷകരമായ രണ്ടു കൊല്ലം എനിക്ക് സമ്മാനിച്ചത്. ഈ തിരക്കിനിടയിൽ അമേരിക്ക എന്ന സ്വപ്ന ഭൂമിയിലേക്കു ഒരു മാസത്തേക്കെങ്കിലും എങ്ങനെ പോകും എന്ന് ഞാൻ എപ്പോഴും ആലോചിക്കുമായിരുന്നു.. ആയിടക്കാണ് ആലപ്പുഴയിൽ നെഹ്റു ട്രോഫി മത്സരം നടക്കുന്ന സമയം . ജിഎം വെങ്കിടേഷ് സർ ആലപ്പുഴയിൽ നെഹ്റു ട്രോഫി കാണാൻ വരുന്നു. വള്ളംകളി കഴിഞ്ഞു തിരുവനന്ത പുരത്തേക്ക് പോകുന്നതിനു മുൻപ് എന്നേ അടുത്ത് വിളിച്ചു പറഞ്ഞു , "I have a good news for you. We are going to post you as RM 1 Ernakulam ". തീർച്ചയായും എനിക്കതൊരു സന്തോഷകരമായ വാർത്തയായിരുന്നു . എന്നാലും ആദ്യ അമേരിക്കൻ യാത്ര സ്വപ്നം കണ്ടിരുന്ന എനിക്ക് ഇതൊരു തിരിച്ചടിയാകുമോ എന്നൊരു ആശങ്ക ഇല്ലാതിരുന്നില്ല. എന്തായാലും എനിക്ക് 40 ദിവസം ലീവും ലീവ് ഫെയർ കൺസഷനും (LFC) അനുവദിച്ചു തന്ന വെങ്കിടേഷ്സാറി നോട് എനിക്ക് തീർത്താൽ തീരാത്ത നന്ദിയും കടപ്പാടുമുണ്ട്.

## ഒരു അബദ്ധത്തിന്റെ കഥ

ആദ്യത്തെ യാത്രയുടെ തയ്യാറെടുപ്പിലുണ്ടായ ഒരു വലിയ അബ ദ്ധത്തിന്റെ കഥയോടെ തുടങ്ങാം .കൊച്ചിയിൽ നിന്നും ഡള്ളസിലേക്കു ടിക്കറ്റ് എടുക്കാൻ മകൻ പറഞ്ഞതനുസരിച്ചു ഞാൻ നമ്മുടെ സ്ഥിരം എൽ.എഫ്.സി. ട്രാവൽ ഏജന്റ് ആയ കോസിമ ബേബിയോട് പറഞ്ഞു . നമ്മുടെ എൽ.എഫ്.സി. അനുസരിച്ചു വാഗാ ബോർഡർ തൊട്ടു വേണമല്ലോ നമുക്ക് ഏതു വിദേശ രാജ്യത്തേക്കും പോകാൻ . ടിക്കറ്റെല്ലാം ബുക്ക് ചെയ്ത് ബേബി അയച്ചു തന്നത് ഞാൻ മകന് അയച്ചു കൊടുത്തു . ഉടനെ തന്നെ അവâ വിളി വന്നു. "അച്ഛൻ എങ്ങോട്ടേക്കാ ഈ ടിക്കറ്റ് എടുത്തിരിക്കുന്നെ , ഇത് ടെക്സസിലുള്ള ഡള്ളാസിലെക്കാണല്ലോ. ഞാൻ പറഞ്ഞത് വാഷിംഗ്ടൺ ഡിസി യിലുള്ള ഡള്ളാസ് ഇന്റർനാഷണൽ എയർപോർട്ടിലേക്കാണല്ലോ " . ടെക്സസിലുള്ള Dallas സിറ്റിയും , വാഷിംഗ്ടൺ ഡിസി യിലെ Dulles എയർപോർട്ടും തമ്മിൽ , മോഹൻലാലിന്റെ വാക്കുകളിൽ പറഞ്ഞാൽ കിലോമീറ്റേർസ് ആൻഡ് കിലോമീറ്റെർസ് ദൂരമുണ്ട്. എന്തായാലും ബേബിയെ വിളിച്ചു കാര്യം പറഞ്ഞു. ഏകദേശം പതിനായിരം രൂപയുടെ നഷ്ടത്തിൽ ടിക്കറ്റ് റീ ബുക്ക് ചെയ്ത് തന്നു ....അങ്ങനെ ഒരു കാര്യം മനസ്സിലായി. There is a cost for learning.

ഇതിനിടയിൽ എനിക്കും ഭാര്യക്കും അമേരിക്കൻ വിസ തരപ്പെടുത്താനുള്ള തത്രപ്പാടുകൾ സ്ഥല പരിമിതി മൂലം വിവരിക്കുന്നില്ല. എന്തായാലും ഒരു മദ്രാസ് യാത്രയും , ഞങ്ങൾ ഇന്ത്യയിലേക്ക് തിരിച്ചു വരും എന്ന് തെളിയിക്കുന്ന ഒരുപറ്റം ഡോക്യുമെന്റുകളും, അമേരിക്കൻ എംബസ്സിയുടെ മുന്നിൽ മണിക്കൂറോളം ക്യു നിന്നതും, എംബസ്സിയിലെ സായിപ്പിന്റെ മുൻപിൽ തപ്പി തടഞ്ഞു മറുപടി പറഞ്ഞതും , അവസാനം 10 വർഷത്തേക്ക് വിസ കിട്ടിയതും എല്ലാം നല്ല ഓർമകളായി ഇപ്പോളും മനസ്സിൽ നിറഞ്ഞു നിൽക്കുന്നു .

എന്തായാലും കോസിമ ബേബിയുടെ കൈക്കു നല്ല വർക്കത്താണ്. 2015ൽ നടത്തിയ ആദ്യ അമേരിക്കൻ യാത്രക്ക് ശേഷം ഇപ്പോൾ ഇതെന്റെ ആറാമത്തെ അമേരിക്കൻ യാത്രയാണ്. ഈ യാത്രകളിലുണ്ടായ അനുഭവങ്ങൾ ഇവിടെ വിവരിക്കുമ്പോൾ അതൊരു കാലക്രമം അനുസരിച്ച് (chronological) ഓർഡറിൽ ആയിരിക്കില്ല, മറിച്ചു വിവിധ യാത്രകളിലുണ്ടായ കാഴ്ച്ച കളുടേയും അനുഭവങ്ങളുടെയും രേഖാചിത്രങ്ങളായിരിക്കും .

## വാഷിംഗ്ടൺ ഡിസി

അമേരിക്കൻ ഫെഡറൽ ഘടനയെ കുറിച്ച് പറഞ്ഞിട്ട് വാഷിംഗ്ടൺ ഡിസിയെ കുറിച്ചും അവിടുത്തെ കാഴ്ച്ചകളിലേക്കും നമുക്ക് കടക്കാം . അമേരിക്കയുടെ ഫെഡറൽ ഘടന അനുസരിച്ചു രാജ്യത്തിന് ഒരു ഫെഡറൽ ഗവണ്മെന്റും, അത് കൂടാതെ 50 സ്റ്റേറ്റുകളും ഉൾപ്പെടുന്നു . ഈ 50 സ്റ്റേറ്റുകൾ കൂടാതെ ഒരു ഫെഡറൽ ഡിസ്ട്രിക്ട് , ഡിസ്ട്രിക്ട് ഓഫ് കൊളംബിയ കൂടിയുണ്ട് . വാഷിംഗ്ടൺ, ഡി.സി., ഔപചാരികമായി ഡിസ്ട്രിക്റ്റ് ഓഫ് കൊളംബിയ, വെറും വാഷിംഗ്ടൺ അല്ലെങ്കിൽ ലളിതമായി ഡി.സി. എന്നും അറിയപ്പെടുന്നു, ഇത് യുണൈറ്റഡ് സ്റ്റേറ്റ്സിന്റെ തലസ്ഥാന നഗരവും ഫെഡറൽ ജില്ലയുമാണ്. പൊട്ടോമാക് നദിയുടെ കിഴക്കൻ തീരത്താണ് ഇത് സ്ഥിതിചെയ്യുന്നത്, യു.എസ്

സംസ്ഥാനമായ വിർജീനിയയുമായി തെക്ക് പടിഞ്ഞാറും തെക്കും അതിർത്തി പങ്കിടുന്നു. ശേഷിക്കുന്ന വശങ്ങളിൽ യു.എസ്. സംസ്ഥാനമായ മേരിലാൻഡുമായി കര അതിർത്തി പങ്കിടുന്നു. സ്ഥാപക പിതാവും യുണൈറ്റഡ് സ്റ്റേറ്റ്സിന്റെ ആദ്യ പ്രസിഡâpമായ ജോർജ്ജ് വാഷിംഗ്ടണിന്റെ പേരാണ് ഈ നഗരത്തിന് നൽകിയിരിക്കുന്നത്, യു.എസ്. ഫെഡറൽ ഗവൺമെന്റിന്റെയും നിരവധി അന്താരാഷ്ട്ര സംഘടനകളുടെയും ആസ്ഥാനമെന്ന നിലയിൽ, നഗരം ഒരു പ്രധാന ലോക രാഷ്ട്രീയ തലസ്ഥാനമാണ്. 2016-ൽ 20 ദശലക്ഷത്തിലധികം സന്ദർശകരെ കണ്ട യു.എസിൽ ഏറ്റവുമധികം ആളുകൾ സന്ദർശിക്കുന്ന നഗരങ്ങളിലൊന്നാണിത്.

മകൻ സച്ചിനും ഭാര്യ ദിവ്യയും ആദ്യത്തെ ആറു കൊല്ലം ജോലി ചെയ്തിരുന്നത് വാഷിംഗ്ടൺ ഡിസി യിലുള്ള ഇന്റർനാഷണൽ മോനിറ്ററി ഫണ്ടിന്റെ ഓഫീസിൽ ആയിരുന്നു. അവർ താമസിച്ചിരുന്നതോ ഏകദേശം 30 മൈൽ അകലെയുള്ള വിർജീനിയ സ്റ്റേറ്റിലെ വിയന്ന എന്ന സ്ഥലത്തായിരുന്നു . 2016 ആയപ്പോളേക്കും എന്റെ മകൾ സുചിത്രയും അവരുടെ കമ്പനി ആയ യു.എസ്.റ്റി. ഗ്ലോബലിന്റെ Anthem എന്ന അമേരിക്കൻ ഇൻഷുറൻസ് കമ്പനിയുടെ പ്രോജെക്ടിലേക്കു നിയൊഗിക്കപെട്ടു. അവൾക്കു ജോലി ഒഹായോ സ്റ്റേറ്റിൽ മാസൺ എന്ന സ്ഥലത്തായിരുന്നു .



കൂടിച്ചേരലിന്റെ ആഹ്ലാദം . ഡള്ളസ് ഇâർനാഷണൽ എയർപോർട്ട് , വാഷിങ്ങ്ടൺ. ഡി.സി.

# ഞാൻ കണ്ട വാഷിംഗ്ടൺ ഡി.സി.യിലെ കാഴ്ചകൾ

## ക്യാപിറ്റോൾ ബിൽഡിംഗ്



ക്യാപിറ്റോൾ ബിൽഡിംഗ്

അമേരിക്കൻ ഐക്യനാടുകളുടെ പാർലിമെന്റ് മന്ദിരമാണ് യുണൈറ്റഡ് സ്റ്റേറ്റ്സ് കാപിറ്റോൾ. കാപിറ്റോൾ മന്ദിരം ( ക്യാപിറ്റോൾ ബിൽഡിംഗ്) എന്നും ഇത് അറിയപ്പെടുന്നു. യുണൈറ്റഡ് സ്റ്റേറ്റ്സ് കോൺഗ്രസിന്റെ ആസ്ഥാനവും, യു.എസ്. ഫെഡറൽ ഗവണ്മെന്റിന്റെ നിയമനിർമ്മാണ വിഭാഗത്തിsâ സമ്മേളന മന്ദിരവുമാണ് യുണൈറ്റഡ് സ്റ്റേറ്റ്സ് കാപിറ്റോൾ. അമേരിക്കയുടെ തലസ്ഥാനമായ വാഷിംഗ്ടൺ ഡി.സി.യിൽ കാപിറ്റോൾ ഹിൽ എന്ന ഒരു ചെറു കുന്നിന്മുകളിലായി, നാഷണൽ മാളിന്റെ കിഴക്കേ അറ്റത്തായാണ് ഈ മന്ദിരം സ്ഥിതിചെയ്യുന്നത്. 55.5 ഏക്കറിൽ വൃക്ഷങ്ങളാലും പുല്തകിടികളാലും പ്രശസ്ത ലാൻഡ്സ്കേപ്പ് ആർക്കി ടെക്ട് ഫ്രെഡറിക് ലോ ഓംസ്റ്റഡ് രൂപകല്പന ചെയ്ത ക്യാപിറ്റോൾ ഗ്രൗണ്ട്സിൽ ആണ് ബിൽഡിംഗ്. .ആയിരത്തി എണ്ണൂറാമാണ്ട് മുതൽ അമേരിക്കൻ ഡെമോക്രസിയുടെ പ്രതീകമായും , അമേരിക്കൻ നിയമനിർമാണ സഭകളായ അമേരിക്കൻ കോൺഗ്രസിന്റെയും , സെനറ്റിന്റെയും ആസ്ഥനമായും ഈ സ്മാരകം നില കൊണ്ടു .

ജനുവരി 6, 2021 ൽ , US കോൺഗ്രസ് 2020 പ്രസിഡന്റ് തിരഞ്ഞെടുപ്പിന്റെ വിധി സാധൂകരിക്കാൻ കൂടിയ യോഗത്തിലേക്ക് സായുധരായ ഒരു കൂട്ടം പ്രകടനക്കാർ ഇരച്ചു കയറുകയും വലിയ നാശ നഷ്ടങ്ങൾ വരുത്തുകയും തുടർന്നുണ്ടായ ആക്രമണങ്ങളിൽ ഒരു പോലീസ് ഉദ്യോഗസ്ഥനടക്കം 5 പേർ കൊല്ലപ്പെട്ടതും അമേരിക്കൻ ഡെമോക്രസിയുടെ ചരിത്രത്തിൽ ഒരു കറുത്ത അധ്യായമായി.

## വൈറ്റ് ഹൗസ്

വാഷിംഗ്ടൺ ഡിസിയിലെ സന്ദർശനം വൈറ്റ് ഹൗസിനു മുമ്പിൽ നിന്ന് ഒരു ഫോട്ടോ എടുക്കാതെ ഒരിക്കലും പൂർണമാകില്ല. അമേരിക്കയുടെ പ്രെസിഡന്റിന്റെ വാസസ്ഥലത്തേക്കാളുപരി അമേരിക്കൻ ചരിത്രത്തിsâ ഇപ്പോഴും ജീവിച്ചിരിക്കുന്ന ഒരു മ്യൂസിയം കൂടിയാണ് വൈറ്റ് ഹൗസ് . എത്രയെത്ര ചരിത്ര സംഭവങ്ങൾക്കു ഈ സൗധം സാക്ഷ്യം വഹിച്ചിരിക്കുന്നു .



ലേഖകനും ഭാര്യ ഗീതയും വൈറ്റ് ഹൗസിനു മുന്നിൽ .

അമേരിക്കയുടെ ആദ്യ പ്രസിഡന്റ് ജോർജ് വാഷിംഗ്ടൺ 1791 ഇൽ തിരഞ്ഞെടുത്ത സ്ഥലത്തു, നവവാസ്തു ശൈലിയിൽ ഐറിഷ് വംശജനായ വാസ്തുശില്പി ജെയിംസ് ഹൊബാനാണ് വൈറ്റ് ഹൗസ് രൂപകല്പന ചെയ്തത്. 1792 നും 1800 നും ഇടക്ക് വെള്ള നിറം പൂശിയ അകpായി ക്രീക്ക് മാർബിളിൽ ഉപയോഗിച്ചാണ് നിർമ്മാണം നടന്നത്. എട്ടു കൊല്ലത്തിനു ശേഷം മുഴുവൻ പണി കഴിഞ്ഞില്ലെങ്കിലും ,പ്രസിഡന്റ് ജോൺ ആഡംസ് കുടുംബത്തോടൊപ്പം വൈറ്റ് ഹൗസിൽ താമസിക്കുന്ന ആദ്യത്തെ പ്രസിഡന്റ് ആയി .

അതിനു ശേഷം അമേരിക്കയുടെ എല്ലാ പ്രസിഡന്റുമാർക്കും വൈറ്റ് ഹൗസ് തന്നെ ആയിരുന്നു അവരുടെ ഭരണ കാലത്തേ വസതി.

## അർലിംഗ്ടൺ നാഷണൽ സെമിത്തേരി

വിർജിനിയയിൽ പോട്ടോമാക് നദിക്കരികെ വാഷിംഗ്ടൺ ഡിസിയോട് ചേർന്നു 639 ഏക്കറിൽ വിശാലമായ പുല്തകിടികളും വൃക്ഷലതാദികൾക്കും ഇടയിൽ ഒരുക്കിയിട്ടുള്ള അമേരിക്കൻ വീര ജവാന്മാർ അന്ത്യ വിശ്രമം കൊള്ളുന്ന വിശുദ്ധമായ സ്ഥലമാണ് അർലിംഗ്ടൺ നാഷണൽ സെമിത്തേരി.



അറിയപ്പെടാത്ത, അജ്ഞാതനായ സൈനികന്റെ കുടീരം

അജ്ഞാത സൈനികന്റെ ശവകുടീരം വാഷിംഗ്ടൺ ഡിസിക്ക് അഭിമുഖമായി ഒരു കുന്നിൻ മുകളിലാണ് നിലകൊള്ളുന്നത്. സെമിത്തേരിയിലെ കൂടുതൽ ആളുകൾ സന്ദർശിക്കുന്ന സ്ഥലങ്ങളിലൊന്നാണ്, കൊളറാഡോയിൽ ഖനനം ചെയ്ത യൂൾ മാർബിളിൽ നിന്നാണ് ഈ ശവകുടീരം നിർമ്മിച്ചിരിക്കുന്നത്. ഇത് ഏഴ് കഷണങ്ങൾ ഉൾക്കൊള്ളുന്നു, മൊത്തം ഭാരം 79 ഷോർട്ട് ടൺ (72 മെട്രിക് ടൺ). 1932 ഏപ്രിൽ 9 ന് 48,000 ഡോളർ ചെലവിൽ ശവകുടീരം പൂർത്തിയാക്കി പൊതുജനങ്ങൾക്കായി തുറന്നുകൊടുത്തു. അജ്ഞാതരായ മറ്റ് സൈനികരെ പിന്നീട് അവിടെ ക്രിപ്റ്റുകളിൽ സ്ഥാപിച്ചു, കൂടാതെ ഇത് “അജ്ഞാതരുടെ ശവകുടീരം” എന്നും അറിയപ്പെട്ടു, എന്നിരുന്നാലും ഇതിന് ഔദ്യോഗികമായി പേര് നൽകിയിട്ടില്ല.



ആർലിംഗ്ടൺ നാഷണൽ സെമിത്തേരി

1963ൽ കൊല ചെയ്യപ്പെട്ട അമേരിക്കൻ പ്രസിഡന്റ് ജോൺ എഫ് കെന്നഡിയുടെയും കുടുംബത്തിന്റെയും ശവകല്ലറ ഇപ്പോഴും ലോക ജനത അന്ത്യോപചാരം അർപ്പിക്കാൻ വരുന്ന സ്ഥലമാണ് .

## സ്മിത്‌സോണിയൻ നാഷണൽ എയർ ആൻഡ് സ്പേസ് മ്യൂസിയം

വാഷിംഗ്ടൺ ഡിസിയിൽ സ്മിത്‌സോണിയൻ ഇൻസ്റ്റിറ്റ്യൂഷന്റെ കീഴിൽ 21 മ്യൂസിയങ്ങളും നാഷണൽ മൃഗശാലയും ഉൾക്കൊള്ളുന്നതാണ് സ്മിത്‌സോണിയൻ മ്യൂസിയങ്ങൾ. ലോകപ്രസിദ്ധമായ ലോകത്തിലെ ഏറ്റവും വലിയ മ്യൂസിയങ്ങളുടെ ഒരു അതിശയിപ്പിക്കുന്ന സഞ്ചയം. അതിലൊന്നാണ് ഞങ്ങൾ സന്ദർശിച്ച നാഷണൽ എയർ ആൻഡ് സ്പേസ് മ്യൂസിയം .



Steven F. Udvar-Hazy Center



നാഷണൽ എയർ ആൻഡ് സ്പേസ് മ്യൂസിയം

## ചരിത്ര നിമിഷങ്ങൾക്ക് മുന്നിലൂടെ..



നീൽ ആംസ്ട്രോംഗ് 1969 ജൂലൈ മാസം 20 –ാം തീയതി ചന്ദ്രനിൽ ഇറങ്ങിയപ്പോൾ ധരിച്ച സ്പേസ് സ്യൂട്ട് . 1971ലെ അപ്പോളോ–15 മിഷനിലെ ഡേവിഡ് സ്കോട്ട് ധരിച്ചിരുന്ന സ്യൂട്ടും കാണാം (വലത്ത്)

മനുഷ്യകുലത്തെ ഒന്നടങ്കം അത്ഭുതത്തിന്റെ പരകോടിയിലെത്തിച്ച നേട്ടമാണ് 50 വർഷങ്ങൾക്ക് മുമ്പ് അമേരിക്കൻ ബഹിരാകാശ ഏജന്സിയായ നാസ കൈവരിച്ചത്. ഭൂമിയുടെ ഭ്രമണ പഥത്തിന് പുറത്ത് ഭൂമിയുടെ ഉപഗ്രഹമായ ചന്ദ്രനിൽ മനുഷ്യനെയെത്തിക്കാൻ അക്കാലത്ത് അമേരിക്കയ്ക്ക് സാധിച്ചു. 1969 ജൂലായ് 20 ന് അപ്പോളോ 11 ദൗത്യത്തിൽ ബഹിരാകാശ സഞ്ചാരികളായ നീൽ ആംസ്ട്രോങും ബസ് ആല്ഡ്രിനും അപ്പോളോ ലൂണാർ മോഡ്യൂളിൽ ഭൂമിയുടെ ഏക സ്വാഭാവിക ഉപഗ്രഹമായ ചന്ദ്രനിൽ കാലു കുത്തി......



**വാഷിംഗ്ടൺ ഡിസിയിലെ നാഷണൽ എയർ ആൻഡ് സ്പേസ് മ്യൂസിയത്തിന്റെ ഫ്ലൈറ്റ് പ്രവേശന ഹാളിന്റെ ദൃശ്യം.**

എയർ ആന്റ് സ്പേസ് ചരിത്രത്തിലെ പ്രധാന നാഴികക്കല്ലുകൾ ഇവിടെ സൂക്ഷിച്ചിരിക്കുന്നു. ചിത്രത്തിൽ കാണുന്ന വിമാനങ്ങളിൽ സ്പിരിറ്റ് ഓഫ് സെന്റ് ലൂയിസ്, അപ്പോളോ 11 കമാൻഡ് മൊഡ്യൂൾ കൊളംബിയ, സ്പേസ് ഷിപ്പ് വൺ, ബെൽ എക്സ്-1, (വലതുവശത്ത്) ജോൺ ഗ്ലെന്റെ ഫ്രണ്ട്ഷിപ്പ് 7 ക്യാപ്സ്യൂൾ എന്നിവ ഉൾപ്പെടുന്നു.

## ഗ്രാവല്ലി പോയിന്റ്

ഗ്രാവേലി പോയിന്റ് പോട്ടോമാക് നദിയുടെ പടിഞ്ഞാറേ വശത്തു സ്ഥിതി ചെയ്യുന്ന ഒരു വിശാലമായ പാർക്ക് ആണ്.



റൊണാൾഡ് റീഗൻ വാഷിംഗ്ടൺ നാഷണൽ എയർപോർട്ട്

റൊണാൾഡ് റീഗൻ വാഷിംഗ്ടൺ നാഷണൽ എയർപോർട്ടിൽ വിമാനങ്ങൾ ടേക്ക് ഓഫ് ചെയ്യുന്നതും ലാൻഡ് ചെയ്യുന്നതും കാണാനുള്ള പ്രസിദ്ധമായ ഒരു വ്യൂ പോയിന്റ് ആണ് ഇത്.

## നാഷണൽ ഹാർബർ

വാഷിംഗ്ടൺ ഡിസി ക്കരികെ പോട്ടോമാക് നദിയുടെ തീരത്തു 350 ഏക്കറിൽ ഒരുക്കിയിരിക്കുന്ന ഒരു വാട്ടർഫ്രണ്ട് റിസോർട് ഏരിയ ആണ് നാഷണൽ ഹാർബർ . മനൊാഹരമയ സൂര്യസ്തമയം കാണാനും പ്രസിദ്ധമായ ക്യാപിറ്റൽ വീലിൽ കയറാനും പതിനായിരക്കണക്കിന് സന്ദർശകർ ഇവിടെ എത്താറുണ്ട് .



നാഷണൽ ഹാർബർ



നാഷണൽ ഹാർബോറിലെ ജയന്റ് വീൽ

വാഷിംഗ്ടൺ ഡിസിയിലെയും അമേരിക്കയിലെ ഞാൻ സന്ദർശിച്ച മറ്റു സ്ഥലങ്ങളിലെ ദൃശ്യങ്ങളിലേക്കും അനുഭവങ്ങളിലേക്കും അടുത്ത ലക്കത്തിൽ വീണ്ടും നമുക്ക് സംവദിക്കാം.

**(തുടരും.....)**

# സർക്കിൾ മാനേജ്മെന്റിന്റെ ഘടനാപരമായ യോഗം

2022 സെപ്തംബർ 22-ന് തിരുവനന്തപുരം .ലോക്കൽ ഹെഡ് ഓഫീസ് കോൺഫറൻസ് ഹാളിൽ ആദ്യ അർദ്ധവർഷത്തെ ഘടനാപരമായ മീറ്റിംഗ് നടന്നു. രാത്രി 8 മണിക്ക് യോഗം ആരംഭിച്ചു..

ചീഫ് ജനറൽ മാനേജർ വെങ്കട രമണ ബായിറെഡ്ഡി യോഗത്തിൽ അധ്യക്ഷത വഹിച്ചു. ഡിജിഎം & സിഡിഒ അശുതോഷ് ശർമ്മ സ്വാഗതം പറഞ്ഞു. സിജിഎമ്മിന് പുറമെ . വി.സീതാരാമൻ, GM I, തലച്ചിൽ ശിവദാസ്, GM II, ശേഷു ബാബു പല്ലെ, GM III, വിനോദ് K, AGM (HR), രഘുപതി എസ്, AGM (PPG), ശ്രീദേവി, (ക്ഷേമം) എൽഎച്ച്ഒ കോൺഫറൻസ് ഹാളിൽ

പങ്കെടുത്തു, എല്ലാ അഡ്മിനിസ്ട്രേറ്റീവ് ഓഫീസുകളിൽ നിന്നുമുള്ള ഡിജിഎംമാരും ചീഫ് മാനേജർമാരും സി. എം(എച്ച്ആർ)മാരും വീഡിയോ കോൺഫറൻസിംഗി ലൂടെ ചേർന്നു.

നമ്മുടെ ഭാഗത്ത് നിന്ന് ബി.സി.യു നായർ (വൈസ് പ്രസിഡന്റ്) എൻ. ഗണപതികൃഷ്ണൻ (ഡി.ജി.എസ്.) കെ. രാജചന്ദ്രൻ നായർ (എ.ജി.എസ്.), എ.ആർ. സോമനാഥ പിള്ള (ജില്ലാ പ്രസിഡന്റ്, തിരുവനന്തപുരം, ജനറൽ സെക്രട്ടറി എന്നിവർ എൽ.എച്ച്.ഒ. രാജീവൻ. കെ. (പ്രസിഡന്റ്), ജോസ് മാർസെലിൻ ( വൈസ് പ്രസിഡന്റ്), രാഘവൻ .എ (ഡിജിഎസ്) എന്നിവർ എ.ഒ കോഴി ക്കോട് നിന്ന് ചേർന്നു. .രാധാകൃഷ്ണൻ പി (ഡി.ജി.എസ്) തൃശൂർ എ.ഒ.യിൽ നിന്ന് .ജോസഫ് പാലക്കൽ (ഡി.ജി.എസ്. എറണാകുളം), കെ.എസ്.ജയറാം (ട്രഷറർ) എറണാകുളം എ.ഒ., എന്നിവർ വിസിയിൽ ചേർന്നു. . .ഹെൻറി ജോൺ (ഡിജിഎസ്) കോട്ടയം എഒയിൽ നിന്ന് വിസിയിൽ ചേർന്നു.

കഴിഞ്ഞ മീറ്റിംഗിന്റെ മിനിറ്റ്സ് അംഗീകരിച്ച ശേഷം, നിലവിലെ മീറ്റിംഗിനായി സമർപ്പിച്ച അജണ്ട ഇനങ്ങൾ വിശദമായ ചർച്ചകൾക്കായി എടുത്തു. ഓർഗനൈ സേഷന്റെ വളർച്ചയിൽ പെൻഷൻകാർ നൽകുന്ന മഹത്തായ സേവനങ്ങൾ സിജിഎം പ്രാരംഭ പരാമർ ശത്തിൽ ചൂണ്ടിക്കാണിക്കുകയും നമ്മുടെ സർക്കിളിന്റെ ബിസിനസ് തലങ്ങളുടെ നിലവിലെ സ്ഥാനം പങ്കുവെക്കുകയും ചെയ്തു. ബിസിനസ് വികസനത്തിന് നമ്മുടെ പിന്തുണ അദ്ദേഹം അഭ്യർത്ഥിച്ചു. നമ്മുടെ സംസ്ഥാന പ്രസിഡന്റ് . കെ. രാജീവൻ ഉദ്ഘാടന പ്രസംഗത്തിൽ ബാങ്കിന്റെ പ്രവർത്തനങ്ങൾ മെച്ച പ്പെടുത്തുന്നതിന് എല്ലാവിധ പിന്തുണയും ഉറപ്പു നൽകി. എൽഎച്ച്ഒ/ എഒ/ ആർബിഒ തലങ്ങളിലെ സ്റ്റാഗ്നേഷൻ ഇൻക്രിമെന്റുകൾ ഉൾപ്പെടെയുള്ള വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിലെ അപാരമായ കാലതാമസവും അദ്ദേഹം എടുത്തു പറഞ്ഞു. ബാങ്കിന്റെ എറണാകുളത്തെ ഡിസ്പെൻസറിയിൽ ഫാർമസിസ്റ്റിന്റെ അഭാവം 700- ലധികം പെൻഷൻകാർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതായി അദ്ദേഹം ചൂണ്ടിക്കാട്ടി. അവിടെയുള്ള സേവനങ്ങൾ. സ്ഥിരമായ ഒരാളെ നിയമിക്കുന്നത് വരെ താൽക്കാലികമായി ഒരു ഫാർമസിസ്റ്റിനെ ഉടൻ തന്നെ നിയമിക്കണമെന്ന് അദ്ദേഹം സിജിഎമ്മിനോട് അഭ്യർത്ഥിച്ചു.



ചീഫ് ജനറൽ മാനേജർ വെങ്കട രമണ ബായിറെഡ്ഡി യോഗത്തിൽ അധ്യക്ഷത വഹിച്ചു സംസാരിക്കുന്നു.

10-ഉം 11-ഉം ബൈപാർട്ടൈറ്റ് സെറ്റിൽമെന്റുകൾ/ജോയി ന്റ് നോട്ടുകൾ (സ്തംഭന വർദ്ധനവ്) എന്നിവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ചർച്ച ചെയ്തു, ജോലി പുരോഗമിക്കുകയാണെന്നും ഘട്ടം ഘട്ടമായി AO കളിൽ നിന്ന് വിശദാംശങ്ങൾ ലഭിച്ചാൽ പൂർത്തിയാക്കുമെന്നും PPG ഉറപ്പുനൽകി. മലപ്പുറത്ത് ഡിസ്പെൻസറി തുറക്കുന്നതുമായി ബന്ധപ്പെട്ട്, കോർപ്പറേറ്റ് സെന്റർ ഉന്നയിച്ച ചോദ്യം ഇതിനകം വ്യക്തമാക്കിയിട്ടുണ്ട്, ഒക്ടോബർ അവസാനത്തിന് മുമ്പ് ഡിസ്പെൻസറിയുടെ പ്രവർത്തനം ആരംഭിക്കുന്നതിന് സിസിയുടെ അനുമതി ഉടൻ പ്രതീക്ഷിക്കുന്നു. വിവിധ കേന്ദ്രങ്ങളിലെ ഡിസ്പെ ൻസറികളുടെ പ്രവർത്തന സമയം വർധിപ്പിക്കുക, എറണാകുളത്ത് താത്കാലിക ഫാർമസിസ്റ്റുകളെ നിയമിക്കുക എന്നിവ സംബന്ധിച്ച് ഉചിതമായ ശുപാർശകൾ ഉടൻ തന്നെ എൽഎച്ച്ഒയ്ക്ക് കൈമാറാൻ ബന്ധപ്പെട്ട എഒമാർ നിർദേശിച്ചു. കിടപ്പിലായ പെൻഷൻകാർക്കും 75 വയസ്സിനു മുകളിലുള്ളവർക്കും ഡോർ സ്റ്റെപ്പ് ഡെലിവറി സൗകര്യം ഒരുക്കണമെന്ന അഭ്യർത്ഥന സിജിഎം അനുകൂലമായി പരിഗണിക്കു കയും അംഗീകരി ക്കുകയും ചെയ്തു. എൽഎച്ച്ഒ സെന്ററിൽ അധിക സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ ഉൾപ്പെടുത്താനുള്ള അഭ്യർത്ഥനയും അംഗീകരിക്ക പ്പെട്ടു, കാർഡിയോ ളജിസ്റ്റ്, ഇഎൻടി, ഡയബറ്റോളജിസ്റ്റ് തുടങ്ങിയവരെ ഉൾപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾ ആരംഭിക്കും.

അധിക പെൻഷൻ പേയ്മെന്റുകൾ തവണകളായി തിരിച്ചടയ്ക്കൽ, പുതുക്കിയ പിപിഒ ഇഷ്യു, വിശദാം ശങ്ങൾ ലഭ്യമല്ലാത്ത കുടുംബ പെൻഷൻകാർക്ക് പുതുക്കിയ കുടുംബ പെൻഷൻ നൽകൽ, കുടുംബ പെൻഷനു വേണ്ടി വികലാംഗനായ കുട്ടിയുടെ നാമനിർദ്ദേശം, പെൻഷൻകാരുടെ കാര്യത്തിൽ വ്യക്തി ഗത ഭവന വായ്പ കുടിശ്ശികകൾ കവറേജ് ചെയ്യാതിരി ക്കൽ എന്നിവയ്ക്കായി പ്രത്യേക പരിഗണന. 01.07.2019-നോ അതിനുമുമ്പോ മരിച്ചു, തുടങ്ങിയവയും ചർച്ച ചെയ്യുകയും ചീഫ് ജനറൽ മാനേജർ അനുകൂല നിർദേശങ്ങൾ നൽകുകയും ചെയ്തു. പെൻഷൻകാരെ സംബന്ധിച്ചിടത്തോളം മീറ്റിംഗ് തീർച്ചയായും വളരെ വിജയകരമായ ഒന്നായിരുന്നു, കൂടുതൽ നടപ്പിലാക്കു ന്നതിനായി ഈ വിഷയം പിന്തുടരാൻ ശ്രദ്ധിക്കുന്നു.

വിനോദ് കെ, എജിഎം (എച്ച്ആർ) മാനേജ്മെന്റിന്റെ ഭാഗത്തുനിന്നും അസോസിയേഷന്റെ ഭാഗത്തുനിന്ന് എൻ.ഗണപതികൃഷ്ണൻ (ഡി.ജി.എസ്.). രാത്രി 9.30ന് യോഗം അവസാനിച്ചു.

WORLD HEART DAY 29 SEP

''കഴിവുപോലെ ഞാൻ തുടരുമെങ്കിലും
വഴിയിലെപ്പോഴെന്നറിയുകില്ല സർ.''
''ശരി, ഹൃദയമേ, നിനക്കു നന്ദി, മു__
ന്നറിവുതന്നതിൽ കൃതജ്ഞനാണു ഞാൻ
മിടിപ്പുകൾക്കിടയ്ക്കനന്തകാലങ്ങൾ
ചിലപ്പൊഴൊക്കെ ഞാൻ ശ്രവിച്ചുവെങ്കിലും
ശരിക്കു നീ ചെയ്തൊരുപകാരം മേലിൽ
മറക്കുകി, ല്ലെനിക്കൊരേ സുഹൃത്തു നീ! ''

__അയ്യപ്പപ്പണിക്കർ.

# നർമ്മ വീഥി




ATM ൽ ഒക്കെ സുരക്ഷ കൂട്ടിയിട്ട് ഉണ്ടന്ന് പറഞ്ഞപ്പോൾ ഇത്രയും പ്രതീക്ഷിച്ചില്ല😂
🤣🙏



ഇത്രയും വലിയ സുരക്ഷ ഏർപ്പെടുത്താൻ സ്റ്റേറ്റ് ബാങ്കിന് മാത്രമേ കഴിയൂ.



തോളത്തു വക്കേണ്ടത് താഴത്തും.
താഴെ നിർത്തേണ്ടത് തോളത്തും ഇപ്പോഴത്തെ
കേരളത്തിന്റെ നേർക്കാഴ്ച

# കൗതുക വാർത്തകൾ

## തേൾ വിഷം
## ലിറ്ററിന്
## വില എഴുപത് കോടി
## രൂപ




പ്രകൃതിയിൽ, മൃഗങ്ങൾ സ്വയം പ്രതിരോധത്തിനോ ഇര പിടിക്കാനോ വിഷം ഉപയോഗിക്കുന്നു. ലാബിൽ, വിഷ

പ്രോട്ടീനുകൾ വൈദ്യത്തിൽ ഉപയോഗിക്കാമെന്ന് ശാസ്ത്രജ്ഞർ കണ്ടെത്തുന്നു. ഉദാഹരണത്തിന്, മനുഷ്യരിലെ മസ്തിഷ്ക മുഴകൾചികിത്സിക്കാൻ തേൾ വിഷം ഉപയോഗിക്കുന്നതിൽ ഗവേഷകർ വിജയിച്ചു. ആരോഗ്യമുള്ള നാഡി, പേശി കോശങ്ങൾക്ക് ദോഷം വരുത്തുന്നതിനുപകരം, ക്യാൻസർ കോശങ്ങളിൽ നിന്നുള്ള സിഗ്നലുകൾ തടയാൻ ക്ലോറോടോക്സിൻ പോലുള്ള വിഷം ഉപയോഗിക്കാം. ഈ സിഗ്നലുകൾ തടയുന്നത് അവയുടെ വളർച്ചയെ തടയുന്നു. പക്ഷാഘാതത്തിന്റെ ഫലം മനുഷ്യർക്ക് സഹായകരമാകുന്ന വഴികളും ശാസ്ത്രജ്ഞർ കണ്ടെത്തിയിട്ടുണ്ട്. ഒരു രോഗി ശസ്ത്രക്രിയയ്ക്ക് പോകുമ്പോൾ, ഉദാഹരണത്തിന്, ഡോക്ടർഓപ്പറേഷൻ നടത്തുമ്പോൾ അവരുടെ ശരീരം വളരെ നിശ്ചലമായി നിൽക്കേണ്ടത് പ്രധാനമാണ്. ഒരു ചെറിയ ചലനം പോലും വളരെ വലിയ തെറ്റിന് കാരണമാകും! അതിനാൽ, ഉറക്കത്തിന് കാരണമാകുന്ന മരുന്നുകൾക്ക് പുറമേ, ഡോക്ടർ ശസ്ത്രക്രിയ നടത്തുമ്പോൾ രോഗികൾക്ക് താൽക്കാലിക പക്ഷാഘാതം ഉണ്ടാക്കുന്ന മരുന്നുകളും നൽകാറുണ്ട്.

**When electrical stimulation is used to "milk" the venom glands of scorpions, an average yield of about 0.5 mg of venom can be obtained from a single scorpion. They inject even less than this amount under natural conditions**

## വംശനാശം സംഭവിച്ച് 70 വർഷങ്ങൾക്ക് ശേഷം വലിയ പൂച്ചകൾ തിരിച്ചെത്തുന്നു.



നമീബിയയിൽ നിന്ന് 2022 സെപ്റ്റംബർ 17 ശനിയാഴ്ച മധ്യപ്രദേശിലെ കുനോ നാഷണൽ പാർക്കിലേക്ക് കാട്ടുചീറ്റകളെ പ്രധാനമന്ത്രി നരേന്ദ്ര മോദി വിട്ടയച്ചു. വനമേഖലയുടെ ദ്രുതഗതിയിലുള്ള വ്യാപനത്തോടൊപ്പം സമ്പദ്വ്യവസ്ഥ അതിവേഗം വളരുമെന്ന് പ്രധാനമന്ത്രി മോദി പറഞ്ഞു. 'ജൈവവൈവിധ്യത്തിന്റെ പഴക്കമുള്ള ബന്ധം പതിറ്റാണ്ടുകൾക്ക് മുമ്പ് തകർന്നു. വലിയ പൂച്ചയുടെ വംശനാശം, അതിനെ ഇന്ത്യയുടെ മണ്ണിൽ പുനരവതരിപ്പിച്ചതോടെ വീണ്ടും പുനഃസ്ഥാപിക്കുകയായിരുന്നു. 1952ൽ വംശനാശം സംഭവിച്ചതായി പ്രഖ്യാപിച്ച ചീറ്റ, ലോകത്തിലെ ആദ്യത്തെ ഭൂഖണ്ഡാന്തര, വലിയ വന്യമായ മാംസഭോജിയായ പ്രോജക്ട് ചീറ്റയ്ക്ക് കീഴിൽ ഇന്ത്യയിലേക്ക് വീണ്ടും അവതരിപ്പിക്കുകയാണ്

# വായനക്കാർ എഴുതുന്നു




## ഡോ.കെ.ആർ.എസ്.നായർ

സുഹൃത്തേ,

ഓണം: നന്മയുടെയും സമൃദ്ധിയുടെയും ആഘോഷം. ഉദാത്തമായ സങ്കൽപ്പം. എല്ലാവർക്കും എന്റെ ഹാർദ്ദമായ തിരുവോണാശംസകൾ!

പക്ഷേ, കേട്ടു വളർന്നതിലധികവും കെട്ടുകഥകളാണ്. മഹാബലിയുടെ കാലത്ത് കേരളം തന്നെ ഇല്ല. വാമനൻ ബലിയെ പറഞ്ഞയച്ചതു കേരളത്തിൽ നിന്നല്ല; പാതാളത്തിലേയ്ക്കുമല്ല. ആണ്ടിലൊരിക്കൽ പ്രജകളെ കാണാൻ വരാൻ അനുവാദം ചോദിച്ചതുമില്ല; കൊടുത്തതുമില്ല. ധർമ്മിഷ്ഠനായി വാണ ബലിയെ വിഷ്ണു ചതിച്ചതാണെങ്കിൽ, 'ധർമ്മോ രക്ഷതി, രക്ഷിത' എന്ന മനുസ്മൃതി വചനത്തിന് എന്തർഥം? രണ്ടായിരുന്നു, ബലിയുടെ പതനത്തിനു കാരണം. രണ്ടും നൽകുന്ന സന്ദേശങ്ങൾ ഓണത്തിന്റെ പറയപ്പെടാത്ത പാഠങ്ങളാണ്. അതറിയാൻ ട്യൂൺ ചെയ്യുക, നാളെ രാവിലെ 5.55ന് ആകാശവാണിയിൽ, തിരുവനന്തപുരം, ആലപ്പുഴ നിലയങ്ങൾ പ്രക്ഷേപണം ചെയ്യുന്ന എന്റെ സുഭാഷിതം കേൾക്കാം. തുടർന്ന് 9, 16, 23 തീയതികളിലും. നാളത്തെ വിഷയം: 'കരിഷ്യേ വചനം തവ'. തിരുവനന്തപുരം, ആലപ്പുഴ, കവരത്തി നിലയങ്ങൾ പുന: പ്രക്ഷേപണം ചെയ്യുന്ന എന്റെ സുഭാഷിത ത്തിലേയ്ക്ക്.

*പുന:പ്രക്ഷേപണം നടക്കുമ്പോൾ മുൻ കൂട്ടി അറിയിക്കുമല്ലൊ



# 2022 സെപ്റ്റംബറിൽ വിരമിക്കുന്നവർ

**2022 സെപ്റ്റംബറിൽ വിരമിക്കുന്നവർ**

1. പ്രിയ വേണുഗോപാൽ ഡെ. മാനേജർ എറണാകുളം ആലുവ ടൗൺ എറണാകുളം
2. ശാന്ത മേനോൻ എസ് ചീഫ് അസോസിയേറ്റ് എറണാകുളം പാലാരിവട്ടം ടൗൺ എറണാകുളം
3. ഷാജു ജി ഇട്ടീര സ്പെഷ്യൽ റെക്. കീപ്പർ/കാഷ്യർ എറണാകുളം ഡി പോൾ അക്കാദമി അങ്കമാലി
4. തോമാച്ചൻ.എം.വി. സീനിയർ ഹെഡ് മെസ്സഞ്ജർ, പാറത്തോട്
5. പദ്മനാഭൻ.ഇ. സീനിയർ ഹെഡ് അംഡ് ഗാർഡ് കാഞ്ഞങ്ങാട്
6. ഭാഗ്യനാഥൻ എസ്. സീനിയർ ഹെഡ് മെസ്സഞ്ജർ എസ്.എം.ഇ. ശാഖ കോട്ടയം
7. ആനന്ദവല്ലി.എസ്. സീനിയർ ഹെഡ് മെസ്സഞ്ജർ, കലഞ്ഞൂർ
8. മീനാക്ഷി.എസ്. ഹെഡ് മെസ്സഞ്ജർ വടവണ്ണൂർ, തൃശൂർ
9. പ്രേമലത.വി. മാനേജർ, പെരുമ്പിലാവ്
10. പാർവതി മുരളി ചീഫ് അസോസ്സിയേറ്റ് കരമന തിരുവനന്തപുരം
11. തമ്പി ഐസ്സക്ക് മാനേജർ, സി.എ.സി. തിരുവനന്തപുരം
12. ഉഷ.എം. ചീഫ് അസോസിയേറ്റ് മണക്കാട് തിരുവനന്തപുരം

ഇന്ന് 30.09.022 ന് ബാങ്കിനോട് വിടപറയുന്ന നമ്മുടെ സുഹൃത്തുക്കൾക്കു എസ് ബി ഐ പെൻഷനേഴ്സ് അസോസിയേഷന്റെ അഭിവാദ്യങ്ങൾ! വളരെ സന്തോഷം നിറഞ്ഞ വിശ്രമ ജീവിതം ആശംസിക്കുന്നു .

## ഭാഗ്യനാഥൻ എസ്.



ഭാഗ്യനാഥൻ എസ്.

27 വർഷവും 2 മാസവും പിന്നിട്ട സ്തുത്യർഹമായ സമർപ്പിത സേവനത്തിന് ശേഷം കോട്ടയം എസ്.എം.ഇ.ബ്രാഞ്ചിൽ നിന്നും സീനിയർ ഹെഡ് മെസ്സഞ്ജരായി , വിരമിക്കുന്ന ഭാഗ്യനാഥൻ എസ്. യാത്രാമംഗളങ്ങൾ!! ആരോഗ്യ പൂർണവും, സമാധാനവും സന്തോഷവും നിറഞ്ഞ റിട്ടയർമെന്റ് ജീവിതം ആശംസിക്കുന്നു. എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ കോട്ടയം ജില്ലാ കേന്ദ്രവുമായി ചേർന്ന് പ്രവർത്തിക്കുവാൻ സംഘടനയിലേയ്ക്ക് സ്വാഗതം ചെയ്യുന്നു.

## ഷാജു ജി ഇട്ടീര



ഷാജു ജി ഇട്ടീര

39 വർഷവും 11 മാസവും പിന്നിട്ട സ്തുത്യർഹമായ സമർപ്പിത സേവനത്തിന് ശേഷം ഷാജു ജി ഇട്ടീര സ്പെഷ്യൽ റെക്കോർഡ് കീപ്പർ/കാഷ്യർ എറണാകുളം ഡി പോൾ അക്കാദമി അങ്കമാലി ശാഖയിൽ നിന്നും സെപ്തംബർ 30ന് വിരമിക്കുന്നു. സമാധാനവും സന്തോഷവും നിറഞ്ഞ റിട്ടയർമെന്റ് ജീവിതം ആശംസിക്കുന്നു. ഷാജുവിനെ എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ എറണാകുളം ജില്ലാ കേന്ദ്രവുമായിച്ചേർന്ന് പ്രവർത്തിക്കുവാൻ സംഘടനയിലേയ്ക്ക് സ്വാഗതം ചെയ്യുന്നു.

## ശാന്ത മേനോൻ എസ്



37 വർഷവും 10 സവും പിന്നിട്ട സ്തുത്യർഹമായ സമർപ്പിത സേവനത്തിന് ശേഷം ശാന്ത മേനോൻ എസ് ചീഫ് അസോസിയേറ്റ് എറണാകുളം പാലാരിവട്ടം ടൗൺ ശാഖയിൽ നിന്നും വിരമിക്കുന്നു. സമാധാനവും സന്തോഷവും നിറഞ്ഞ റിട്ടയർമെന്റ് ജീവിതം

ആശംസിക്കുന്നു. എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ എറണാകുളം ജില്ലാ കേന്ദ്രവുമായിച്ചേർന്ന് പ്രവർത്തിക്കുവാൻ സംഘടനയിലേയ്ക്ക് സ്വാഗതം ചെയ്യുന്നു.

## യാത്രയയപ്പ് സമ്മേളനം




കോട്ടയം എസ്.എസ്.ഇ.ശാഖയിൽ സെപ്റ്റംബർ 30ന് നടന്ന യാത്രയയപ്പ് സമ്മേളനത്തിൽ ഭാഗ്യനാഥിനെ സംഘടനയിലേയ്ക്ക് സ്വാഗതം ചെയ്യുന്ന ജില്ലാ പ്രസിഡന്റ് കെ.എൻ.വിശ്വനാഥൻ നായർ

## വിവാഹിതരായി



**ആർ.ഹരിനാഥും പാർവതിയും വിവാഹവേദിയിൽ**

എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ കോട്ടയം ജില്ലാ കേന്ദ്രത്തിലെ വൈക്കം ഏരിയ യൂണിറ്റ് അംഗം മേവെള്ളൂർ ശ്രീരംഗം ബാലചന്ദ്രൻ.പി.എസ്. ന്റെയും സഹധർമ്മിണി രാജലക്ഷ്മിയുടേയും മകൾ പാർവതിയുടേയും കൊല്ലം കുരീപ്പുഴ ഹരിശ്രീയിൽ രഘുനാഥൻ പിള്ള,എം.എസ്.ശശികല ദമ്പതിമാരുടെ മകൻ ആർ.ഹരിനാഥും തമ്മിലുള്ള വിവാഹം 2022 സെപ്റ്റംബർ 11–ാം തിയതി ഞായറാഴ്ച മേവെള്ളൂർ വല്ലില്ലത്തുകാവ് ഭഗവതീ ക്ഷേത്രത്തിൽ വച്ച് സമംഗളം നടന്നു.



**വധൂവരന്മാർ ബാലചന്ദ്രൻ.പി.എസ്. സഹധർമ്മിണി രാജലക്ഷ്മി മകൻ, അനന്തകൃഷ്ണൻ ഭാര്യ വർഷ എന്നിവരോടുമൊപ്പം**

**ഇരുവർക്കും എസ്.ബി.ഐ.പെൻഷനേഴ്സ് അസോസ്സിയേഷന്റെ ഹൃദ്യമായ മംഗളാശംസകൾ!!**

## അഭിനന്ദനങ്ങൾ!!

### ഡോ. കെ.ആർ.എസ്.നായർക്ക് പുരസ്ക്കാരം



സംസ്ഥാന തല സീനിയർ വെറ്ററിനറി ഓഫീസർമാരുടെ വാർഷിക സമ്മേളനത്തിന്റെ നിറഞ്ഞ സദസ്സിനെ സാക്ഷിയാക്കി, 2022 സെപ്റ്റംബർ 22–ാം തിയതി സാഹിത്യത്തിൽ സമഗ്ര സംഭാവനയ്ക്കുള്ള പുരസ്ക്കാരം എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ തിരുവനന്തപുരം ജില്ലാ കേന്ദ്രത്തിലെ അംഗം ഡോ. കെ.ആർ.എസ്.നായർക്ക് ഡോക്ടർ എം. വി. ചാക്കോ സമ്മാനിക്കുന്നു.

തിരുവനന്തപുരത്തെ ഹോട്ടൽ എസ്.പി.ഗ്രാൻഡ് ഡേയ്സിൽ വച്ച് നടന്ന സീനിയർ വെറ്റിനറി ഡോക്ടർമാരുടെ പന്ത്രണ്ടാമത് സംസ്ഥാന സമ്മേളനത്തിൽ എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ തിരുവനന്തപുരം ജില്ലാ കേന്ദ്രത്തിലെ അംഗം ഡോ. കെ.ആർ.എസ്.നായർക്ക് സാഹിത്യത്തിൽ സമഗ്ര സംഭാവനയ്ക്കുള്ള പുരസ്ക്കാരം നൽകി.

മെമെന്റോ ഡോക്ടർ എം. വി. ചാക്കോയും, പുരസ്ക്കാരം ഡോ. കുമാരദാസും നൽകി. അഭിവാദ്യങ്ങൾ അർപ്പിച്ച് ഡോ. ബൈജു സംസാരിച്ചു.

ഡോ. കെ.ആർ.എസ്.നായർ പത്തു പുസ്തകങ്ങൾ ആഗോളതലത്തിൽ ആമസോൺ പ്രസിദ്ധീകരിച്ചു അതിൽ നാലെണ്ണം വിവിധ രാജ്യങ്ങളിൽ ബെസ്റ്റ് സെല്ലർ ആയി അതിലൊന്ന്, മൂന്നു മാസത്തിലേറെ ഇംഗ്ളണ്ടിൽ ഒന്നാം സ്ഥാനത്തു തുടർന്നുകൊണ്ട് ചരിത്രം സൃഷ്ടിച്ചു. എട്ടെണ്ണം ഇൻഡ്യയിൽ നം.1 ആയി; അതിൽ പലതും ആവർത്തിച്ചും ആ സ്ഥാനം നേടി. ഇപ്പോൾ, പതിനൊന്നാമതു പുസ്തകത്തിന്റെ പണിപ്പുരയിൽ. മുൻപ് 10 അക്കാദമിക് പുസ്തകങ്ങൾ, എസ്.ബി.ഐ. യും പ്രസിദ്ധീകരിച്ചു. സോഷ്യൽ മീഡിയയിൽ (Medium, Twitter, FB, Linkedin, Quora. com) പതിവായി ബ്ലോഗുകൾ എഴുതിവരുന്നു. ഇംഗ്ലീഷിലും മലയാളത്തിലുമായി നൂറോളം ലേഖനങ്ങൾ ഒരു കഥാസമാഹാരം തുടങ്ങിയവ മറ്റു സൃഷ്ടികൾ. ആകാശവാണിയിൽ സുഭാഷിതങ്ങൾ അവതരിപ്പിക്കാറുമുണ്ട്.

# ഒരു കുംബിൾ നിറയെ കഥകൾ

## പുസ്തക പ്രകാശനം

ക്യാപ്റ്റൻ പ്രേം ജി. നാഥ് രചിച്ച A Bag Full of Tales എന്ന ഇംഗ്ലീഷ് പുസ്തകത്തിന്റെ മലയാള പരിഭാഷ ഇ. കെ. ഹരികുമാർ തർജ്ജമ: പാലാരിവട്ടം YMCA ഹാളിൽ 2022 സെപ്റ്റംബർ 2 വെള്ളിയാഴ്ച വൈകുന്നേരം 5 മണിക്ക് പ്രകാശനം ചെയ്തു.



പുസ്തകത്തിന്റെ ഒരു പ്രതി ജോൺ ഫെർണാണ്ടസിന് നൽകി പി. എഫ്. മാത്യൂസ് പ്രകാശനം ചെയ്യുന്നു.

റ്റി. വി. രാജാമണി പ്രാർത്ഥനആലപിച്ചു. ഈ. കെ. ഹരികുമാർ സ്വാഗതം ആശംസിച്ചു. ജോൺ ഫെർണാണ്ടസ്അദ്ധ്യക്ഷ നായി. പുസ്തകപരിചയം: ശ്രീ. പി. സുജാതൻ നടത്തി.

**മംഗളാശംസകൾ!!**





പുസ്തക പ്രകാശന ചടങ്ങിൽ പങ്കെടുത്തവർ

പുസ്തകത്തിന്റെ ഒരു പ്രതി ജോൺ ഫെർണാണ്ടസിന് നൽകി പി. എഫ്. മാത്യൂസ് പ്രകാശനം ചെയ്തു. ജോസഫ്പാലക്കൽ,. പി. എഫ്. മാത്യൂസ്, കെ. രാധാകൃഷ്ണൻ എന്നിവർ അഭിവാദ്യങ്ങൾ അർപ്പിച്ച് സംസാരിച്ചു. ക്യാപ്റ്റൻ പ്രേം ജി. നാഥ് മറുമൊഴിയും കൃതഞ്ജതയും പ്രകാശിപ്പിച്ചു.

## അനുമോദനങ്ങൾ!

# മലപ്പുറം ജില്ലാ കേന്ദ്രത്തിന്റെ ഭവന സന്ദർശനം*

മലപ്പുറം ജില്ലാ കേന്ദ്രത്തിന്റെ 75 വയസ്സ് പൂർത്തിയാക്കിയ 5 മുതിർന്ന പെൻഷൻകാരെ 28.9.22-ന് .ഭരണസമിതി യംഗങ്ങൾ ഭവനങ്ങളിൽ പോയി സന്ദർശനം നടത്തുകയും പൊന്നാട അണിയിച്ച് ആദരിക്കുകയും ചെയ്തു. ബാലൻ.പി., രാജൻ.എം. , പ്രഭാകരൻ.എ.എം., ക്രിഷ്ണൻ.പി., മൊഹമ്മദ് കുട്ടി. എ. ബാലഗോപാൽ കണ്ണത്ത് എന്നിവരുടെ ഭവനനങ്ങളിലാണ് സന്ദർശനം നടത്തി യത്.



മുതിർന്ന പെൻഷൻകാരെ പൊന്നാട അണിയിച്ച് ആദരിക്കുന്ന ജില്ലാ പ്രസിഡന്റ് വേലായുധനും സഹപ്രവർത്തകരും



പൊന്നാട അണിയിച്ച് ആദരിക്കുന്ന സഹപ്രവർത്തകരും



പൊന്നാട അണിയിച്ച് ആദരിക്കുന്ന ജില്ലാ പ്രസിഡന്റ് വേലായുധനും സഹപ്രവർത്തകരും



**പൊന്നാട അണിയിച്ച് ആദരിക്കുന്ന ജില്ലാ പ്രസിഡന്റ് വേലായുധനും സഹപ്രവർത്തകരും**



ജില്ലാ പ്രസിഡന്റ് വേലായുധനും സഹപ്രവർത്തകരും 75 വയസ്സ് പൂർത്തിയാക്കിയ മുതിർന്ന പെൻഷൻകാരന്റെയൊപ്പം

# എസ്ബിഐപിഎയുടെ തിരുവനന്തപുരം സെന്ററിലെ ഓണാഘോഷം*



പിന്നണി ഗായിക ശ്രീമതി ഭാവന രാധാകൃഷ്ണൻ ഓണാഘോഷങ്ങൾക്ക് തുടക്കം കുറിച്ച് ഭദ്രദീപം തെളിയിക്കുന്നു



**നിറഞ്ഞ സദസ്സ്**

എസ്ബിഐപിഎയുടെ തിരുവനന്തപുരം സെന്ററിലെ ഓണാഘോഷം 30.09.2022ൽ രാവിലെ 9.30ന് ഹസ്സൻ മരയ്ക്കാർ ഹാളിൽ വച്ച് ആർഭാട പൂർവം നടന്നു. പിന്നണി ഗായിക ശ്രീമതി ഭാവന രാധാകൃഷ്ണൻ നിലവിളക്കിന്റെ ദീപം തെളിയിച്ചു. ശ്രീമതി. സന്ധ്യ, സി. എം. (എച്ച്ആർ); എസ്.രാജേഷ്, എസ്.ബി.ഐ.ഒ.എ (കെ.സി) സംസ്ഥാന സെക്രട്ടറി; എച്ച്.സി. റീജത്ത്, DGS, SBSU (KC), എസ്ബിഐപിഎ കേരള വൈസ് പ്രസിഡന്റ് ബി സി ഉണ്ണികൃഷ്ണൻ നായരും പങ്കെടുത്തു. എസ്/ശ്രീ. കൈലാസ് പെരുമാൾ, ആർഎം ഐ. മോഹൻകുമാർ, ആർ.എം. അഖിൽ സത്യൻ, പ്രസിഡന്റ്, SBSU (KC); ബിജു, എസ്ബി.ഐ.ഒ എ. (കെസി) പ്രസിഡൻറും, എസ്ബിഎസ്യു (കെസി), എസ്ബിഐഒഎ (കെസി), എസ്ബിഐപിഎ, കേരളത്തിലെ എഒ, ഭാരവാഹികളും ചടങ്ങിൽ പങ്കെടുത്തു.

**മംഗളാശംസകൾ!!**

***വൈകിക്കിട്ടിയത്**




# പി.വി.കേരളവർമ



പി.വി.കേരളവർമ

എസ്.ബി.ഐ. ഉദ്യോഗസ്ഥ പി . ആർ അനിതയുടെ ഭർതൃപിതാവ് കോതമംഗലം കുറ്റിലഞ്ഞി പുത്തൻ കൃഷ്ണവിഹാറിൽ പി.വി.കേരളവർമ (87) അന്തരിച്ചു. ഭാര്യ : ഈശ്വരി കെ.വർമ. മക്കൾ : അരവിന്ദ് വർമ, ദിനേശ് വർമ (ബ്യൂറോ ചീഫ്, ദേശാഭിമാനി , തിരുവനന്തപുരം ),രവി വർമ, അഡ്വ. കൃഷ്ണകുമാർ വർമ മൂവാറ്റു പുഴ) , ആനന്ദ് വർമ. മരുമക്കൾ : സുജ വർമ ( വിവേകോദയം സ്കൂൾ , തൃശ്ശൂർ ) , പി . ആർ അനിത.(എസ്.ബി.ഐ.) അദ്ദേഹത്തിന്റെ നിര്യാണ ത്തിൽ എസ്.ബി.ഐ. പെൻഷണഴ്‌സ് അസ്സോസി യേഷന്റെ അനുശോചനം അറിയിക്കുന്നു.

# സഹദേവൻ.പി.എൻ



സഹദേവൻ.പി.എൻ

എസ്.ബി.ഐ. പെൻഷനേഴ്‌സ് അസോസ്സിയേഷന്റെ പത്തനംതിട്ട യൂണിറ്റ് അംഗം കടശ്ശനാട് സതീഷ് ഭവൻ ആറുതു ിൽ തെക്കതിൽ, സഹദേവൻ. പി.എൻ (എൽ.എം.7662) നിര്യാതനായ വിവരം വ്യസന സമേതം അറിയിക്കുന്നു. ഭാര്യ: ലത.എം.റ്റി. ദു:ഖിതരായ സുഹൃത്തുക്കൾക്കും, ബന്ധുക്കൾക്കും കുടുംബാംഗങ്ങൾക്കുമൊപ്പം എസ്.ബി.ഐ പെൻഷനേഴ്‌സ് അസോസിയേഷനും പങ്കുചേരുന്നു. ആദരാഞ്ജലികൾ!

# സി.ഉണ്ണികൃഷ്ണൻ

എസ്.ബി.ഐ. പെൻഷനേഴ്‌സ് അസോസ്സിയേഷന്റെ പാലക്കാട് യൂണിറ്റ് അംഗം അകലൂർ ടെമ്പിൾ റോഡിലുള്ള ദീപ്തിയിൽ സി.ഉണ്ണികൃഷ്ണൻ (എൽ.എം.3821) നിര്യാതനായ വിവരം ഖേദപൂർവ്വം അറിയിക്കുന്നു.



കുടുംബാംഗങ്ങളുടെയും ബന്ധുക്കളുടേയും ദു:ഖത്തിൽ എസ്. ബി.ഐ. പെൻഷനേഴ്‌സ് അസോസ്സി

യേഷനും പങ്കു ചേരുന്നു. പരേതാത്മാവിന് നിത്യശാന്തി നേരുന്നു.

# നളിനി നായർ



നളിനി നായർ

**മുൻ എസ്.ബി.റ്റി. റിട്ട. ഓഫിസർ ചന്ദ്രശേഖരൻ നായരുടെ ഭാര്യ കടപ്പാട്ടൂർ കിഴക്കേ പുളിന്തുരുത്തിൽ നളിനി നായർ (75 വയസ്സ്)** നിര്യാതയായ വിവരം വ്യസന സമേതം അറിയിക്കുന്നു. മക്കൾ: സന്ധ്യ, സജി, സീമ. മരുമക്കൾ: പ്രദീപ്, ഷൈനി , അജയകുമാർ.എൻ. എസ്.ബി.ഐ. പെൻഷണഴ്സ് അസ്സോസിയേഷന്റെ അനുശോചനം അറിയിക്കുന്നു.

# സൂകുമാരൻ.സി



**സൂകുമാരൻ.സി**

**എസ്.ബി.ഐ.പെൻഷനേഴ്സ് അസോസ്സിയേഷന്റെ തിരുവനന്തപുരം ജില്ലാ കെന്ദ്രത്തിലെ അംഗം സൂകുമാരൻ.സി. മംഗലത്ത്, പാങ്ങപ്പാറ തിരുവനന്തപുരം (LM.3601) ആകസ്മികമായി നിര്യാതനായ വിവരം ഖേദപൂർവ്വം അറിയിക്കുന്നു. ഭാര്യ: ശ്യാമള.എസ്.**

**അദ്ദേഹത്തിന്റെ നിര്യാണത്തിൽ എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷന്റെ അനുശോചനം അറിയിക്കുന്നു. പരേതാത്മാവിന് നിത്യശാന്തി നേരുകയും ചെയ്യുന്നു.**

# ടി സി ശ്യാമുവൽ



ടി സി ശ്യാമുവൽ

എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ പത്തനംതിട്ട യൂണിറ്റ് അംഗം ജോയിസ് മാമ്മന്റെ അഭിവന്ദ്യ പിതാവ് ഹരിപ്പാട്, പായിപ്പാട് തോണ്ടുപറമ്പിൽ ( ആറ്റുമാലിൽ) ടി സി ശ്യാമുവൽ അന്തരിച്ച വിവരം വ്യസനസമേതം അറിയിക്കുന്നു.. 103 വയസ്സായിരുന്നു. അന്തിമ ശിശ്രൂഷകൾ വെള്ളിയാഴ്ച 2 മണിക്ക് ഭവനത്തിൽ ആരംഭിക്കുകയും തുടർന്ന് ആനാരി സെന്റ് ജോൺസ് ഓർത്തഡോക്സ് പള്ളി സെമിത്തേരിയിൽ ശവസംസ്കാരം നടത്തുകയും ചെയ്തു.. ഭാര്യ കുഞ്ഞമ്മ സാമുവൽ മാരാമൻ കുഴികണ്ടത്തിൽ കുടുംബാംഗമാണ് മക്കൾ ജോയിസ്, ആലീസ്, വിനോദ്, മരുമക്കൾ ഡെയ്സി പാലക്കാട്. പരേതരായ MD മാമൻ മുഴങ്ങോടിയത് വീട് മണ്ണടി ജോസ് പാറടിയിൽ കുന്നന്താനം

എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷൻ സന്തപ്ത കുടുംബാംഗങ്ങളുടെ ദുഖത്തിൽ പങ്കു ചേരുന്നതോടൊപ്പം പരേതാത്മാവിന് നിത്യ ശാന്തി നേരുകയും ചെയ്യുന്നു.

# ശശികുമാർ



ശശികുമാർ

**എസ്.ബി.ഐ.പെൻഷനേഴ്സ് അസോസ്സിയേഷന്റെ കോട്ടയം ജില്ലാ കേന്ദ്രത്തിലെ** മെമ്പർ, **തിരുവാതുക്കൽ വേളൂർ ഗൗരീശങ്കരം വീട്ടിൽ കാഞ്ചനവല്ലി (LM 8450) യുടെ ഭർത്താവ് ശശികുമാർ** (റിട്ട.അസോസിയേറ്റ് പ്രൊഫസർ, എസ്.എൻ.കോളേജ്, **കൊല്ലം** , **ചേർത്തല**) **നിര്യാതനായ വിവരം വ്യസനസമേതം അറിയിക്കുന്നു**. **മക്കൾ**: **അഞ്ജന**( **കാനറ ബാങ്ക്, കോട്ടയം**) , **അർജുൻ** (**വ്യവസായ വകുപ്പ്, കോട്ടയം**). **രാവിലെ 11 മണി വരെ മൃതദേഹം തിരുവാതുക്കലുള്ള വസതിയിലും, അതിനു ശേഷം പാലാ മുണ്ടുപാലം അമ്പലപ്പുറത്തു കുടുംബ വീട്ടിലും കൊണ്ടുവന്നു. 24/09/2022 ശനിയാഴ്ച 3 P.M.നു പാലായിലുള്ള കുടുംബ വീട്ടിൽ ശവസംസ്കാരം നടത്തി. അദ്ദേഹത്തിന്റെ നിര്യാണത്തിൽ** എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷന്റെ അനുശോചനം അറിയിക്കുന്നു. **കുടുംബാംഗങ്ങളുടെ ദു:ഖത്തിൽ പങ്കുചേരുകയും** പരേതാത്മാവിന് നിത്യശാന്തി നേരുകയും ചെയ്യുന്നു.



**ആദരാഞ്ജലികൾ അർപ്പിക്കുന്ന എസ്.ബി.ഐ പെൻഷനേർസ് അസോസിയേഷൻ അംഗങ്ങൾ**

**എസ്.ബി.ഐ പെൻഷനേർസ് അസോസിയേഷൻ കോട്ടയം സെന്ററിന്റെ അനുശോചനം രേഖപ്പെടുത്തുന്നു.**

# നാരായണമാരാർ



രാജൂഭവനം ,നാ രായണമാരാർ

**എസ്.ബി.ഐ പെൻഷനേർസ് അസോസിയേഷൻ കോട്ടയം സെന്ററിലെ മെമ്പർ (LM 11260) ലളിതാംബിക യുടെ പിതാവ് കൂടപ്പുലം രാജൂഭവനം ,നാരായണമാരാർ (96), നിര്യാതനായ വിവരം വ്യസന സമേതം അറിയിക്കുന്നു. സംസ്കാരം 26-9-22 തിങ്കൾ വൈകിട്ട് 4 മണിയ്ക്ക് കൂടപ്പലത്തെ വീട്ടുവളപ്പിൽ നടത്തി.. അദ്ദേഹത്തിന്റെ നിര്യാണത്തിൽ** എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷന്റെ അനുശോചനം അറിയിക്കുന്നു. **കുടുംബാംഗങ്ങളുടെ ദു:ഖത്തിൽ പങ്കുചേരുകയും** പരേതാത്മാവിന് നിത്യശാന്തി നേരുകയും ചെയ്യുന്നു.

# എസ്.വെങ്കിട റാവു



**എസ്.ബി.ഐ.പെൻഷനേഴ്സ് അസോസ്സിയേഷന്റെ തിരുവനന്തപുരം യൂണിറ്റ് അംഗം എസ്.വിദ്യ യുടെ ഭർത്താവ് (എ..എം.6088) പാൽകുളങ്ങര, എസ്.വെങ്കിട റാവു ചെന്നൈയിലുള്ള അപ്പോളോ ഹോസ്പിറ്റലിൽ ചികിത്സയിലിരിക്കെ നിര്യാതനായ വിവരം ഖേദപൂർവ്വം അറിയിക്കുന്നു. അദ്ദേഹത്തിന്റെ നിര്യാണത്തിൽ** എസ്.ബി.ഐ. പെൻഷണഴ്സ് അസ്സോസിയേഷന്റെ അനുശോചനം അറിയിക്കുന്നു.

# രാജം നായർ



രാജം നായർ

എസ്.ബി.ഐ പെൻഷനേർസ് അസോസിയേഷൻ ഇടുക്കി സെന്ററിലെ മെമ്പർ ബേബി ആഗസ്തി പനങ്കാട്ടിന്റെ മകൾ മെർലിന്റെ ഭർതൃമാതാവ രാജം നായർ നിര്യാതയായ വിവരം വ്യസന സമേതം അറിയിക്കുന്നു. എസ്.ബി.ഐ. പെൻഷണഴ്സ് അസ്സോസിയേഷന്റെ അനുശോചനം അറിയിക്കുന്നു.




## വികെ.രാജപ്പൻ നായർ



**വികെ.രാജപ്പൻ നായർ**

എസ്.ബി.റ്റി.റിട്ട. ഉദ്യോഗസ്ഥരായ കെ.ആർ.രമാദേവിയുടെ പിതാവും ആർ.ശശികുമാറിന്റെ ഭാര്യാ പിതാവുമായ കോട്ടയം വിഴിക്കത്തോട് കാർത്തിക യിൽ വികെ.രാജപ്പൻ നായർ നിര്യാതനായ വിവരം വ്യസന സമേതം അറിയിക്കുന്നു അദ്ദേഹത്തിന്റെ നിര്യാണത്തിൽ എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷന്റെ അനുശോചനം അറിയിക്കുന്നു. കുടുംബാംഗങ്ങളുടെ ദുഃഖത്തിൽ പങ്കുചേരു കയും പരേതാത്മാവിന് നിത്യശാന്തി നേരുകയും ചെയ്യുന്നു.

**അംഗങ്ങളിൽ നിന്നും പ്രസിദ്ധീകരണ യോഗ്യമായ വാർത്തകൾ ക്ഷണിക്കുന്നു.**

OASIS
Older Adults Sharing In Service

ഉപദേശക സമിതി

കെ.രാജീവൻ

സംസ്ഥാന പ്രസിഡന്റ്

എ.ജയകുമാർ

സംസ്ഥാന സെക്രട്ടറി

പത്രാധിപസമിതി

രക്ഷാധികാരി

മാത്യു അടയ്ക്കമുണ്ടക്കൽ

മാനേജിംഗ് എഡിറ്റർ

എം.ജി.രാഘവൻ

ചീഫ് എഡിറ്റർ

പി.പി.ഫിലിപ്പ്

പത്രാധിപ സമിതി അംഗങ്ങൾ

പി.എം.ജേക്കബ്

സി.പി.മാത്യു

എം.പി.പുഷ്കരൻ

കെ.എൻ.വിശ്വനാഥൻ നായർ

വി.ആർ.ബി

രാജൻ ജോർജ്

ജോർജ് ജോസഫ്

ത്രേസ്സ്യാമ്മ ആന്റണി

സണ്ണി ജോസഫ്

കെ. കെ.പാപ്പച്ചൻ

ഒരു സൃഷ്ടിയും ഒരിക്കലും പൂർണ്ണമാകുന്നില്ല. സൂക്ഷ്മമായി നിരീക്ഷിച്ചാൽ കുറവുകൾ കെ- ക്കാം. അവ ഞങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തിയാലും. അഭിപ്രായങ്ങൾ ക്ഷണിക്കുന്നു.
ചീഫ് എഡിറ്റർ

P.S: ഇതിൽ പ്രകടിപ്പിച്ചിരിക്കുന്ന ആശയങ്ങൾ എല്ലാം എസ്.ബി.ഐ. പെൻഷനേഴ്സ് അസ്സോസിയേഷന്റേത് ആയിക്കൊള്ളണമെന്നില്ല.



SBI PENSIONERS ASSOCIATION KERALA
KOTTAYAM- DISTRICT CENTRE, MARIYA BHAVAN I FLOOR,KUMARANALLOOR .P.O. KOTTAYAM Pin-686 016
Tel: 0481 25 67 373, Mobile : 9446424407, 9446046899, 9446122245
email: sbipakktym@gmail.com